# ലോഗോസ് പഠനസഹായി 2021

# മർക്കോസിന്റെ സുവിശേഷം

## സുവിശേഷകർത്താവ്

മർക്കോസിന്റെ സുവിശേഷത്തിന്റെ രചയിതാവ്, തന്റെ വ്യക്തിത്വം സുവിശേഷത്തിൽ ഒരിടത്തും വെളിപ്പെടുത്തുന്നില്ല. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ജീവിച്ചിരുന്ന ഗ്രന്ഥകാരനും ഹിയരാപ്പൊളിസിലെ ബിഷപ്പുമായ പപ്പിയാസാണ് രണ്ടാം കാനോനിക സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവിനെക്കുറിച്ച് ആദ്യമായി സാക്ഷ്യപ്പെടുത്തുന്നത്. അദ്ദേഹത്തിന്റെ വാക്കുകളിൽ മർക്കോസാണ് രണ്ടാം സുവിശേഷത്തിന്റെ കർത്താവ്. 'മർക്കോസ് പത്രോസിന്റെ ദ്വിഭാഷിയും, പത്രോസിൽ നിന്നു കേട്ട കാര്യങ്ങൾ മുഴുവനും ഓർമയിൽവച്ച് എഴുതിയ ആളുമാണ്. മർക്കോസിന് പത്രോസിനോടുള്ള ബന്ധം എന്തായിരുന്നാലും, മർക്കോസിന്റെ പേരിലറിയപ്പെടുന്ന സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവ് അദ്ദേഹം തന്നെയാണെന്നുള്ള കാര്യത്തിൽ മിക്ക പണ്ഡിതരും ഏകാഭിപ്രായമുള്ളവരാണ്. മാത്രമല്ല, അപ്പസ്തോലപ്രവർത്തനങ്ങളിലും പൗലോസിന്റെ ലേഖനങ്ങളിലും പരാമർശിക്കുന്ന ''മർക്കോസ് എന്ന അപരനാമമുള്ള യോഹന്നാൻ'' ഈ മർക്കോസ് തന്നെയാണ് എന്നും അഭിപ്രായമുണ്ട് (അപ്പ. 12.12,25; 13.5,13; 15.37,39; കൊളോ 4.10; 2 തിമോ 4.11; ഫിലെ 24).

## സുവിശേഷത്തിന്റെ ഉദ്ദേശ്യം

റോമിലെ വിജാതീയ ക്രിസ്ത്യാനികൾക്കുവേണ്ടിയാണ് മർക്കോസ് സുവിശേഷം എഴുതിയത് എന്ന പുരാതന പാരമ്പര്യത്തോട് (പപ്പിയാസ്, എവുസേബിയൂസ്, ഇരണേവൂസ്, ഒരിജൻ, അലക്സാൺഡ്രിയായിലെ ക്ലെമന്റ്, ജറോം, എഫ്രേം തുടങ്ങിയവർ) പല ആധുനിക പണ്ഡിതരും യോജിക്കുന്നു. പാലസ്തീൻകാരല്ലാത്ത വിജാതീയർക്കുവേണ്ടിയാണിതു രചിക്കപ്പെട്ടത് എന്നതിനു ചില സൂചനകൾ സുവിശേഷത്തിൽ തന്നെയുണ്ട്. അവർക്കുവേണ്ടി മർക്കോസ് ചില അറമായ പദങ്ങളും ശൈലികളും വിവർത്തനം ചെയ്യുകയും (cf. 3.17, 5.41; 7.11, 34; 14.36; 15.22, 34) യഹൂദരുടെ ചില ആചാരാനുഷ്ഠാനങ്ങൾ വിവരിക്കുകയും ചെയ്യുന്നു (cf. 7.3,4; 14.12; 15.42). സുവിശേഷത്തിന്റെ ഗ്രീക്കുമൂലത്തിൽ സുലഭമായിക്കാണുന്ന ലത്തീൻപദങ്ങളും ഈ റോമൻ ലക്ഷ്യമാണ് വ്യക്തമാക്കുന്നത്. മത്തായി എഴുതിയ സുവിശേഷത്തിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പിക്കുന്നു. ഈ പ്രത്യേക രീതി മർക്കോസ് വളരെ വിരളമായേ അവലംബിക്കുന്നുള്ളൂ. നേരേമറിച്ച് വിജാതീയർക്കുള്ള യേശുവിന്റെ ദൗത്യത്തിന് മർക്കോസ് സവിശേഷമായ ഊന്നൽ നൽകുന്നു. (cf. മർക്കോ 5.1,41; 7.24,37; 8.1,10; 11.17 തുടങ്ങിയവ) മാത്രമല്ല യഹൂദനിയമങ്ങളോടും ആചാരാനുഷ്ഠാനങ്ങളോടുമുള്ള വ്യക്തമായ എതിർപ്പ് അദ്ദേഹം പ്രകടമാക്കുന്നുമുണ്ട് (cf. മർക്കോ 2.1, 3:6; 7.1,23). മർക്കോസ് വിജാതീയ ക്രൈസ്തവസമൂഹത്തിനുവേണ്ടി എഴുതിയെന്നാണ് സുവിശേഷത്തിലെ ആന്തരികമായ ഈ തെളിവുകളിൽ നിന്നു നാം മനസ്സിലാക്കേണ്ടത്.

## രചന: സ്ഥലവും കാലവും

മുൻപറഞ്ഞ കാര്യങ്ങളിൽ നിന്ന് അസന്നിഗ്ദമായ തെളിവ് ലഭിക്കുന്നില്ലെങ്കിലും, മർക്കോസിന്റെ സുവിശേഷത്തിന്റെ ഉത്ഭവം റോമായിലാണെന്നുള്ളതാണ് ഉറച്ച ആദിമപാരമ്പര്യം. റോമിലെ മർദ്ദിതസഭ സുവിശേഷ രചനാവേളയിൽ മർക്കോസിന്റെ മുന്നിലുണ്ടായിരുന്നതുകൊണ്ടാകാം, യേശുവിനെ അനുഗമിക്കാനാഗ്രഹിക്കുന്നവർ ആത്മപരിത്യാഗത്തിനും പീഡാസഹനത്തിനും തയ്യാറാകണമെന്നാണ് മർക്കോസ് ഊന്നിപ്പറയുന്നത്. രചനാകാലം കൃത്യമായി പറയാൻ ബുദ്ധിമുട്ടുണ്ടെങ്കിലും എ.ഡി. 64നും 70-നും ഇടയ്ക്കാണെന്ന് മിക്ക പണ്ഡിതരും അഭിപ്രായപ്പെടുന്നു.

## മർക്കോസിന്റെ ശൈലി

നാലു സുവിശേഷങ്ങളിൽ ഏറ്റവും ചെറുതാണ് മർക്കോസിന്റേത്. അദ്ദേഹത്തിന്റെ ഭാഷ വളരെ വ്യക്തവും ലേഖനശൈലി ലളിതവും സജീവവുമാണ്. യേശു സംഭവത്തിന്റെ ഗതിവേഗം ഭാഷയിൽ ദൃശ്യമാണ്. ദൈവശാസ്ത്രമൊന്നുമറിയാത്ത സാധാരണക്കാർക്ക് ഇഷ്ടപ്പെടുന്ന ഓജസ്സുള്ള, ചടുലമായ ഭാഷയാണ് അതിനുള്ളത്. ഹൃദയഹാരിയായ ഒരു ആഖ്യാനമായി മർക്കോസിന്റെ സുവിശേഷത്തെ എല്ലാവരും തന്നെ കരുതുന്നു.

എന്നാൽ യേശുവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും പറ്റി ലളിതവും ഋജുവുമായ ഒരു വിവരണമല്ല മർക്കോസിന്റേത്. യേശു പാരമ്പര്യങ്ങൾ സമാഹരിച്ച് ആഖ്യാനരൂപത്തിലാക്കുക മാത്രമല്ല സുവിശേഷകൻ ചെയ്തത്. യേശുവിന്റെ വചനങ്ങൾ, പ്രവൃത്തികൾ, പീഡാനുഭവം, മരണം ഇവയുടെ പ്രാധാന്യത്തെപ്പറ്റി അഗാധമായ ബോധ്യവും അവഗാഹവുമുണ്ടായിരുന്നു മർക്കോസിന്. ചില ദൈവശാസ്ത്രപരമായ ഉദ്ദേശ്യങ്ങളും പ്രബോധനപരമായ താത്പര്യങ്ങളും അദ്ദേഹത്തെ നയിച്ചിരുന്നു. സ്ഥലകാലങ്ങൾക്കനുസൃതം, അനുക്രമമായി യേശുസംഭവം അവതരിപ്പിക്കുകയായിരുന്നില്ല മർക്കോസിന്റെ മുഖ്യലക്ഷ്യം. മർക്കോസ് സുവിശേഷത്തിൽ പ്രതിപാദിക്കുന്ന വിവിധ പാരമ്പര്യങ്ങളെ ദുർബലമായി കൂട്ടിയിണക്കിയിരിക്കുന്നത് ''വീണ്ടും'', ''എന്നിട്ട്'', ''ഉടൻ'', ''അവിടെ നിന്ന്'', ''അവൻ പോയി'' തുടങ്ങിയ പ്രയോഗങ്ങളിലൂടെയാണ്. ഇവ ജീവചരിത്രപരമോ കാലാനുക്രമമോ ആയ പ്രത്യേക ഉദ്ദേശ്യങ്ങൾ ഒന്നും വെളിപ്പെടുത്തുന്നില്ല.

സമാനമായ പാരമ്പര്യ വസ്തുതകൾ ഉൾക്കൊള്ളുന്ന പലഗണങ്ങൾ മർക്കോസിന്റെ സുവിശേഷത്തിലുണ്ട്. അതായത് 2.1-3.6ൽ അഞ്ച് വിവാദവിവരണങ്ങളും (conflict stories) 4.1-34 ൽ വിത്തിന്റെ മൂന്ന് ഉപമകളും 4.35-5.43ൽ യേശുവിന്റെ നാല് അദ്ഭുതങ്ങളുടെ വിവരണവും 11.27-12.37 ൽ മറ്റൊരു ഗണം വിവാദങ്ങളും കാണാം. ഈ ഗണങ്ങൾ സുവിശേഷരചനയ്ക്കു മുമ്പുതന്നെ ഉണ്ടായിരുന്നവയായിരിക്കണം. സുവിശേഷത്തിലെ ഇവയുടെ ക്രമീകരണം കാലാനുക്രമമോ ജീവചരിത്രപരമോ എന്നതിലുപരി പ്രമേയപരമായ ഒരു പരിഗണനയാണ് വെളിപ്പെടുത്തുന്നത്. എന്തായാലും സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന ക്രമത്തിലല്ല ഈ സംഭവങ്ങൾ നടന്നത്.

ഒരു സംഭവ വിവരണത്തിനിടയ്ക്ക് മറ്റൊന്ന് തിരുകിക്കയറ്റുന്ന ഒരു പ്രത്യേക രചനാശൈലി മർക്കോസിന്റെ സുവിശേഷത്തിൽ കാണാം. 3.21-35 നുള്ളിൽ 3.22-30; 5.21-43 നുള്ളിൽ 5.25-34; 6.7-30 നുള്ളിൽ 6.14-29; 11.12-26 നുള്ളിൽ 11.15-19 തുടങ്ങിയവ സാഹിത്യപരമായ ഈ രചനാതന്ത്രത്തിന് ഉദാഹരണമാണ്. യേശുവിന്റെ ശുശ്രൂഷയെ സംബന്ധിച്ചുള്ള പൊതുവായ സംക്ഷിപ്ത പ്രസ്താവനകൾ (cf. 1.32,34,39,45; 2.13; 3.7,12; 6.6b,53.,56; പ്രത്യേകമായി 1.14,15) വരാൻ പോകുന്ന സംഭവങ്ങളെക്കുറിച്ചു ശ്രോതാക്കൾക്ക് നല്കുന്ന മുന്നറിയിപ്പ് (4:1നു മുമ്പ് 3.9; 3.31,35നു മുമ്പ് 3.21; 11.15, 18നു മുമ്പ് 11.11;14.66,72 നു മുമ്പ് 14.54) ഇവയും സുവിശേഷകന്റെ പ്രത്യേക ശൈലിയാണ്.

# സുവിശേഷത്തിന്റെ ഘടന

**പ്രാരംഭം 1.1–13**

**ഭാഗം 1 യേശുവിന്റെ മിശിഹാത്വത്തെയും രാജ്യത്തെയും സംബന്ധിച്ച രഹസ്യം (1:14–8:26)**

| | | |
|---|---|---|
| **A** | **ഗലീലിയിലെ ശുശ്രൂഷയുടെ ആരംഭം** | 1.14–3.6 |
| | 1 സംഗ്രഹ പ്രസ്താവന | 1.14–15 |
| | 2 ആദ്യശിഷ്യരെ വിളിക്കുന്നു | 1.16–20 |
| | 3 ഹൃദയാന്ധത | 3.1–6 |
| **B** | **യേശു ശിഷ്യന്മാരുടെയും ജനക്കൂട്ടത്തിന്റെയും കൂടെ** | 3.7–6.6a |
| | 1. സംഗ്രഹ പ്രസ്താവന | 3.7–12 |
| | 2. പന്ത്രണ്ടുപേരെ നിയോഗിക്കുന്നു | 3.13–19 |
| | 3. വിശ്വാസരാഹിത്യവും ഇടർച്ചയും | 3.20–6.6a |
| **C** | **ശിഷ്യന്മാർക്ക് യേശു സ്വയം വെളിപ്പെടുത്തുന്നു** | 6.6b–8.21 |
| | 1. സംഗ്രഹ പ്രസ്താവന | 6.6 |
| | 2. ശിഷ്യന്മാരുടെ പ്രേഷിതദൗത്യം | 6.7–13 |
| | 3. ഹൃദയാന്ധത | 8.17–21 |
| | വഴിത്തിരിവ്: അന്ധനെ സുഖപ്പെടുത്തുന്നു | 8.22–26 |

**പത്രോസിന്റെ മിശിഹാത്വ പ്രഖ്യാപനം (8.27–30)**

**ഭാഗം II മനുഷ്യപുത്രരഹസ്യം (8.31–16.8)**

| | | | |
|---|---|---|---|
| **A** | **മനുഷ്യപുത്രന്റെ വഴി** | | 8.31–10.52 |
| | 1 പീഡാനുഭവ പ്രവചനം | 2 അജ്ഞത | 3 പ്രബോധനം |
| | 8.31 | 8.32–33 | 8.34–9.1 |
| | 9.31 | 9.32 | 9.33–37 |
| | 10.33–34 | 10.35–41 | 10.42–45 |
| | അന്ധനെ സുഖപ്പെടുത്തുന്നു | | 10.46–52 |
| **B** | **യേശുവിന്റെ ജറുസലെം ശുശ്രൂഷ** | | 11.1–13.37 |
| **C** | **യേശുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം** | | 14.1–16.8 |

**മർക്കോസ് 16.9–20**

# മർക്കോസ്

**1,1–13:** മർക്കോസിന്റെ സുവിശേഷം ഒരു ആമുഖവാക്യത്തോടെയാണ് ആരംഭിക്കുന്നത്. തുടർന്ന്, യേശുവിന്റെ ദൗത്യം തുടങ്ങുന്നതിനുമുമ്പുള്ള സംഭവങ്ങൾ വിവരിക്കുന്നു: 1. യൂദയായിലെ മരുഭൂമിയിൽ സ്നാപകയോഹന്നാൻ പ്രത്യക്ഷപ്പെടുന്നു (2-8); 2. യേശു സ്നാനം സ്വീകരിക്കുന്നു (9-11); 3. യേശു സാത്താനാൽ പരീക്ഷിക്കപ്പെടുന്നു (12-13).

**1,1: യേശുക്രിസ്തുവിന്റെ സുവിശേഷം:** യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷമെന്നും യേശുവിൽനിന്നുള്ള സുവിശേഷമെന്നും ഇതിനെ മനിലാക്കാം. സുവിശേഷത്തിന്റെ ആരംഭത്തിലുള്ള ഈ പ്രസ്താവന യേശുക്രിസ്തുവാകുന്ന സദ്വാർത്തയാണ് അർഥമാക്കുന്നത്. ഹീബ്രുഭാഷയിലെ 'യഹോഷുവ' (യാഹ്‌വേയാണ് രക്ഷ) എന്നതിന്റെ ഹ്രസ്വരൂപമാണ് 'യേഷുവ'. ഇതിന്റെ 'യേസൂസ്' എന്ന ഗ്രീക്കുരൂപത്തിന്റെ മലയാളപരിഭാഷയാണ് 'യേശു'.

'ക്രിസ്തു'വാകട്ടെ, 'മഷിയാഹ്' (അഭിഷിക്തൻ) എന്ന അരമായപദത്തിന്റെ ഗ്രീക്കുരൂപമായ 'ക്രിസ്തോസ്' എന്നതിൽനിന്നു വരുന്നു. 'എവൻഗേലിയോൺ' എന്ന ഗ്രീക്കുപദത്തിന്റെ പരിഭാഷയാണ് 'സുവിശേഷം'. ഇത് പുതിയനിയമത്തിൽ യേശു രക്ഷയുടെ ഉറവിടമാണെന്ന വാചികപ്രഘോഷണത്തെ സൂചിപ്പിക്കുന്നു (റോമാ 1,1.9.16; 2,16). **ദൈവപുത്രൻ:** മർക്കോസിന്റെ ക്രിസ്തുവിജ്ഞാനീയത്തിലെ അടിസ്ഥാന പ്രബോധനമാണ് യേശുവിന്റെ ദൈവപുത്രത്വം. 'ദൈവപുത്രൻ' എന്ന പ്രയോഗത്തോടെ ഈ സുവിശേഷം തുടങ്ങുന്നുവെന്നു മാത്രമല്ല (1,1), ഇതിൽ ഉടനീളം ഈ വിശേഷണം ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു (3,11; 9,7; 12,6; 14,61; 15,39). അവിടത്തെ പ്രവൃത്തികളും (അദ്ഭുതങ്ങൾ) വാക്കുകളും (പ്രബോധനങ്ങൾ) ഈ ദൈവപുത്രത്വം വെളിപ്പെടുത്തുന്നു. പിതാവായ ദൈവമാകട്ടെ, യേശുവിന്റെ ജ്ഞാനസ്നാനവേളയിലും (1,11) രൂപാന്തരീകരണസമയത്തും (9,7) പരസ്യമായി ഈ വസ്തുത പ്രഖ്യാപിക്കുന്നുമുണ്ട്.

**1,2.3:** മൂന്ന് പഴയനിയമ വചനഭാഗങ്ങൾ (പുറ 23,2; ഏശ 40,3; മലാ 3,1) സംയോജിപ്പിച്ചുകൊണ്ടാണ് മർക്കോസ് യോഹന്നാന്റെയും യേശുവിന്റെയും ദൗത്യം വരച്ചുകാട്ടുന്നത്. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് വാഗ്ദത്തദേശത്തിന്റെ സുരക്ഷിതത്വത്തിലേക്ക് ഇസ്രായേൽജനത്തെ നയിക്കാൻ ദൈവം എപ്രകാരമാണ് ഒരു ദൂതനെ അയച്ചത് എന്നാണ് പുറപ്പാടിലെ പ്രമേയം. ഈ ഭൂതകാലസംഭവം ഓർമപ്പെടുത്തി, മെസിയാനികയുഗത്തിൽ ഇസ്രായേൽജനവും മറ്റെല്ലാ ജനതകളും ഒരു പുതിയ പുറപ്പാടനുഭവം സ്വന്തമാക്കുമെന്ന് ഏശയ്യാ പ്രവാചകൻ ഉദ്ഘോഷിക്കുന്നു. മിശിഹായുടെ ആഗമനം, അതിനുവേണ്ടി മുൻകൂട്ടി ഒരുങ്ങാൻ കൂട്ടാക്കാത്ത ഇസ്രായേലിന്റെ ഇടയരുടെ സർവനാശമായിരിക്കും അർഥമാക്കുകയെന്ന് മലാക്കി മുന്നറിയിപ്പു നല്കുന്നു. മർക്കോസിനെ സംബന്ധിച്ചിടത്തോളം, കർത്താവിനു വഴിയൊരുക്കുവിൻ എന്ന ആഹ്വാനത്തിൽ ഈ മൂന്ന് വചനഭാഗങ്ങളും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. യോഹന്നാൻ പുതിയ പുറപ്പാടനുഭവത്തിലേക്കുള്ള വഴികാണിക്കുന്നവനാണ്; യേശുവാകട്ടെ, കർത്താവും ആ അനുഭവം യാഥാർഥ്യമാക്കുന്ന സഹനദാസനും.

**1,2: എഴുതപ്പെട്ടിരിക്കുന്നതുപോലെ:** മർക്കോസ് ഉദ്ധരിക്കുന്ന ഏക പഴയനിയമഭാഗമാണ് ഇവിടെയുള്ളത്. യേശുവിനെ അറിയാൻ പഴയനിയമത്തിലേക്കു തിരിയണമെന്ന് ഇതു സൂചിപ്പിക്കുന്നു. പഴയനിയമഗ്രന്ഥങ്ങൾ അന്ന് അനുവാചകർക്കു പരിചിതമായിരുന്നു.

**1,3: മരുഭൂമി:** ജറുസലേമിനു കിഴക്ക് ചാവുകടൽവരെയുള്ള വിശാലവും വിജനവും ഫലശൂന്യവുമായ കരയാണിത്. പഴയനിയമത്തിൽ ദൈവപരിപാലനയുടെയും ദൈവ-മനുഷ്യബന്ധത്തിന്റെയും ഇടമാണ് മരുഭൂമി (ജറെ 2,2.3; ഹോസി 2,14.15; സങ്കീ 78,12-53; 105,39-45). മാത്രമല്ല, പരീക്ഷയുടെയും മറുതലിപ്പിന്റെയും വേദികൂടിയാണത് (പുറ 16; സംഖ്യ 11; സങ്കീ 78,17-22). **വഴിയൊരുക്കുക:** സുവിശേഷത്തിൽ 'വഴി' ശിഷ്യത്വത്തിന്റെ മാർഗംകൂടിയാണ്. വിശ്വാസികളെ 'മാർഗ'ത്തിൽ ചരിക്കുന്നവരായി അപ്പ 9,2 ചിത്രീകരിക്കുന്നുണ്ട്. **മാനസാന്തരപ്പെടുക:** 'മെറ്റനോയിയ' എന്ന ഗ്രീക്കുപദത്തിന് 'മനംമാറ്റ'മെന്നും ഇതിന്റെ ഹീബ്രുരൂപമായ 'ഷൂബ്' എന്നതിന് 'തിരിച്ചുവരവ്' എന്നുമാണ് അർഥം. ദൈവമല്ലാത്ത എല്ലാറ്റിൽനിന്നും പിൻതിരിഞ്ഞ് ദൈവത്തിലേക്കു തിരിയാനുള്ള ആഹ്വാനമാണിത്.

**1,5: ജോർദാൻ നദി:** ഹെർമോൺ മലയിൽനിന്ന് ഉദ്ഭവിച്ച്, ഗലീലിക്കടലിലെത്തി, ചാവുകടലിലേക്ക് ഒഴുകുന്ന 200 കി.മീ. നീളമുള്ള നദി. ജോർദാൻ വിമോചനത്തിന്റെ കഥകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ നദി കുറുകെ കടന്നാണ് ഇസ്രായേൽജനം വാഗ്ദത്തനാട്ടിലേക്ക് പ്രവേശിച്ചത് (ജോഷ 3,14-17). ഇതിൽ മുങ്ങിക്കുളിച്ചപ്പോൾ വിജാതീയനായ നാമാൻ കുഷ്ഠരോഗത്തിൽനിന്നു സുഖംപ്രാപിച്ചു (2 രാജാ 5,14). ഇസ്രായേലിനെയും വിജാതീയജനതകളെയും മിശിഹായിലൂടെയുള്ള രക്ഷയ്ക്കായി ഒരുക്കുന്നതാണ് ജോർദാൻ നദിയിലെ യോഹന്നാന്റെ സ്നാനശുശ്രൂഷ. **പാപങ്ങൾ ഏറ്റുപറഞ്ഞ്:** രഹസ്യവും പരസ്യവുമായ പാപങ്ങൾ ഏറ്റുപറയുകയെന്നത് യഹൂദരുടെ അംഗീകൃതമായ പ്രാർഥനാരീതിയായിരുന്നു (ലേവ്യ 5,5; സങ്കീ 32,5; 38,18; 51,3-5; ദാനി 9,4-19; ബാറു 2,6-13). **സ്നാനം സ്വീകരിച്ചു:** ജനം യോഹന്നാനിൽനിന്നു സ്വീകരിച്ച സ്നാനം തങ്ങളുടെ അനുതാപത്തിന്റെയും ദൈവത്തിൽനിന്നുള്ള പാപമോചനത്തിനായുള്ള ദാഹത്തിന്റെയും അടയാളമായിരുന്നു.

**1,6: വെട്ടുക്കിളി, കാട്ടുതേൻ:** മരുഭൂമിയിൽ ലഭിക്കുന്നതും ശുദ്ധവുമായ ഭക്ഷണം. പഴയ ഉടമ്പടി അനുസരിച്ച് ഇസ്രായേല്ക്കാർക്ക് ഭക്ഷിക്കാൻ അനുവാദമുണ്ടായിയിരുന്ന ചുരുക്കം ചില

ശുദ്ധമായ ജീവികളിലൊന്നായിരുന്നു വെട്ടുക്കിളി (ലേവ്യ 11,22). **ഒട്ടകരോമംകൊണ്ടുള്ള വസ്ത്രം:** മൃഗങ്ങളുടെ തോലുകൊണ്ടുള്ള വസ്ത്രധാരണം പഴയനിയമപ്രവാചകരുടെ സവിശേഷമായ ശൈലിയാണ് (സഖ 13,4). യോഹന്നാന്റെ വേഷം ഏലിയായുടെ വസ്ത്രധാരണത്തെയും (2 രാജാ 1,8) അദ്ദേഹത്തിന്റെ സ്നാനസ്ഥാനമായ ജോർദാൻ ഏലിയാ സ്വർഗത്തിലേക്ക് എടുക്കപ്പെട്ട സ്ഥലത്തെയും (2 രാജാ 2,6-11) അനുസ്മരിപ്പിക്കുന്നു. യേശു പിന്നീട് സ്നാപകനെപ്പറ്റി 'ഏലിയാ വന്നുകഴിഞ്ഞു'എന്നു പരാമർശിക്കുന്നുമുണ്ട്. മർക്കോ 9,11; മത്താ 17,11.12; ലൂക്കാ 1,17.

**1,7: ഞാൻ യോഗ്യനല്ല:** ചെരിപ്പിന്റെ വള്ളി അഴിക്കുകയും അത് വഹിക്കുകയും ചെയ്യുന്നത് യജമാനന്മാരെ സേവിക്കുന്ന അടിമകൾ ചെയ്യേണ്ടിയിരുന്ന ജോലിയായിരുന്നു. മിശിഹായ്ക്കുവേണ്ടി ഒരു അടിമയുടെ ജോലി ചെയ്യാൻപോലും താൻ അയോഗ്യനാണെന്ന് യോഹന്നാൻ കരുതി.

**1,9: നസറത്ത്:** ഗലീലിയിൽ ജെസ്രേൽ താഴ്‌വരയ്ക്കു വടക്കു സ്ഥിതിചെയ്തിരുന്ന ചെറുഗ്രാമം. ഗലീലി തടാകത്തിന് ഇരുപത്തിനാലു കി.മീ. പടിഞ്ഞാറാണ് നസറത്ത്. പഴയനിയമത്തിൽ ഒരിക്കലും ഈ പേര് പരാമർശിക്കപ്പെടാത്തത് ഇതിന്റെ അപ്രാധാന്യം എടുത്തുകാണിക്കുന്നു. **സ്നാനം സ്വീകരിച്ചു:** പാപമില്ലാത്തവനാകയാൽ യേശുവിന് യഥാർഥത്തിൽ മാനസാന്തരത്തിന്റെ ആവശ്യം ഉണ്ടായിരുന്നില്ല (ഹെബ്രാ 4,1; 1 പത്രോ 2,22). എങ്കിലും പാപികളെ രക്ഷിക്കാനുള്ള പിതാവിന്റെ പദ്ധതിയുടെ ഭാഗമായി തന്നത്തന്നെ അവരോടു താദാത്മ്യപ്പെടുത്താനായി യേശു യോഹന്നാനിൽനിന്നും സ്നാനം സ്വീകരിക്കുന്നു.

**1,10: ആകാശം പിളരുന്നതും:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'സ്കിറ്റ്സോ'എന്ന ഗ്രീക്കു ക്രിയാപദത്തിന്റെ അർഥം 'പിളർക്കുക' എന്നാണ്. പിതാവിന്റെ സ്വരവും പരിശുദ്ധാത്മാവിന്റെ ഇറങ്ങിവരവുംമൂലം സ്വർഗം കീറിത്തുറക്കപ്പെടുന്നു (ഏശ 64,1). തുടർന്ന് 'നീ എന്റെ പ്രിയപുത്രൻ' എന്ന് ദൈവം പ്രഖ്യാപിക്കുന്നു. യേശുവിന്റെ മരണസമയത്ത് 'ദേവാലയത്തിലെ തിരശീല ... രണ്ടായി കീറി' (15,38) എന്നു പ്രതിപാദിക്കുമ്പോഴും 'സ്കിറ്റ്സോ' എന്ന ക്രിയാപദംതന്നെ ഉപയോഗിച്ചിരിക്കുന്നു; 'ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു'വെന്ന ആ അവസരത്തിലെ ശതാധിപന്റെ പ്രഖ്യാപനവും ശ്രദ്ധേയമാണ് (15,39). **ആത്മാവ്:** ആത്മാവിന്റെ ആവാസം യേശു സഹനദാസനും ലോകരക്ഷകനുമാണെന്ന സത്യത്തിലേക്ക് വിരൽചൂണ്ടുന്നു (ഏശ 42,1; 63,11). **പ്രാവ്:** ബൈബിളിൽ പലയിടങ്ങളിൽ ഉപയോഗിക്കുന്ന ഒരു പ്രതീകമാണിത് (ഉത്ത 1,15; 6,9; ഹോസി 11,11; മത്താ 10,16). ഉത്പത്തിയിൽ ആത്മാവിനെയും പ്രാവിനെയും ബന്ധപ്പെടുത്തുന്നുണ്ട്. സൃഷ്ടിയുടെ സമയത്ത് ദൈവത്തിന്റെ ആത്മാവ് ജലത്തിനുമീതേ ചലിച്ചുകൊണ്ടിരുന്നുവെന്നും (ഉത്പ 1,2) പ്രളയശേഷം നോഹ ജലത്തിനുമീതേ ഒരു പ്രാവിനെ അയച്ചുവെന്നും നാം വായിക്കുന്നുണ്ട് (ഉത്പ 8,10-12). പരിശുദ്ധാത്മാവിന്റെ ഇറങ്ങിവരവ് സൂചിപ്പിക്കുന്നത് യേശു തന്റെ ദൗത്യത്തിനായി അഭിഷിക്തനാകുന്നുവെന്നാണ് (ഏശ 11,2; 42,1; 61,1; 63,9).

**1,11: എന്റെ പ്രിയപുത്രൻ:** ഇസ്രായേലിനെ രക്ഷിക്കുകയും (ഏശ 42,7) ജനതകൾക്കു പ്രകാശമായിത്തീരുകയും ചെയ്യുന്നവനും (ഏശ 42,6) ദൈവം സംപ്രീതനുമായ അവിടത്തെ ദാസനെക്കുറിച്ച് ഏശ 42,1-ൽ പ്രവചിക്കുന്നുണ്ട്. സഹനദാസനും (മർക്കോ 10,45) ലോകത്തിന്റെ പ്രകാശവും (യോഹ 8,12) ആയ യേശുവിലാണ് ഈ പ്രവചനം പൂർത്തിയാകുന്നത്. ദൈവത്തിന്റെ അഭിഷിക്തനായ രാജകുമാരനാണ് യേശു (സങ്കീ 2,7; ലൂക്കാ 4,18; റോമ 1,3). **നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു:** യേശു തന്റെ സ്നേഹപാത്രമായ ഏകപുത്രനാണെന്നും യേശുവിൽ രക്ഷ പൂർത്തിയാകുമെന്ന ഉറപ്പുമാണ് ഇവിടെ അർഥമാക്കുന്നത്. പിതാവിന്റെ സ്വരവും പുത്രന്റെ സ്നാനവും പരിശുദ്ധാത്മാവിന്റെ ഇറങ്ങിവരവും ഒത്തുചേരുമ്പോൾ ഈ സംഭവം പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലായിത്തീരുന്നു.

**1,12: കൊണ്ടുപോയി:** ഗ്രീക്കിൽ 'എക്ബാല്ലോ' എന്ന പദത്തിന് 'ഓടിച്ചു' എന്നാണ് വാച്യാർഥം. പരിശുദ്ധാത്മാവ് യേശുവിൽ ശക്തിയായി പ്രവർത്തിച്ചതിനാൽ അവിടന്ന് മരുഭൂമിയിലേക്കു പോയി എന്ന് ഇതർഥമാക്കുന്നു. **സാത്താനാൽ:** എതിരാളി എന്നാണ് ഈ പദത്തിനർഥം. യേശുവിലൂടെയുള്ള ദൈവത്തിന്റെ പ്രവൃത്തികൾ തടപ്പെടുത്തുന്നതിലാണ് സാത്താൻ വ്യാപൃതനായിരിക്കുന്നത്. **പരീക്ഷിക്കപ്പെട്ടു:** മത്തായിയുടെ സുവിശേഷത്തിൽനിന്നു വ്യത്യസ്തമായി, യേശു നാല്പതുദിവസവും തുടർച്ചയായി പരീക്ഷിക്കപ്പെട്ട

പ്രതീതിയാണ് ഈ വിവരണത്തിലുള്ളത്. മരുഭൂമിയിൽ നാല്പതു വർഷം ഇസ്രായേൽജനം പ്രലോഭനങ്ങൾ നേരിട്ടതിനു സമാനമാണ് യേശുവിന്റെ പ്രലോഭനം. പരീക്ഷണങ്ങളിൽ പരാജയപ്പെട്ട ഇസ്രായേലിനു പകരം സാത്താനെ പരാജയപ്പെടുത്തുന്ന യേശുവിനെ ഇവിടെ നാം കാണുന്നു. □മത്താ 4,2; ലൂക്കാ 4,1-13. **ശുശ്രൂഷിച്ചു:** 'ദിയാക്കൊണെയോ' എന്ന ഗ്രീക്കുപദം ഭക്ഷണമേശയിലെ ശുശ്രൂഷയാണ് സാധാരണ വിവക്ഷിക്കുന്നത്. മരുഭൂമിയിൽ യേശുവിന് മാലാഖമാർ സ്വർഗീയവിരുന്നൊരുക്കുന്നുവെന്നാണ് ധ്വനി. **വന്യമൃഗങ്ങളോടൊത്ത്:** ആദം പറുദീസയിൽ മൃഗങ്ങളോടൊത്ത് സ്വാരസ്യത്തിൽ കഴിയുന്നതിന്റെ സൂചനയുണ്ടിവിടെ. മരുഭൂമി പറുദീസയായി മാറുന്നത് രക്ഷയുടെ വാഗ്ദാനങ്ങളിലുണ്ട് (ഏശ 11,6-9; 32,14-20; 65,2.5).

**1,14: ബന്ധനസ്ഥനായശേഷം:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'പാരദീദൊമി' എന്ന ഗ്രീക്കുപദത്തിന് 'ഏല്പിക്കപ്പെട്ടു' എന്നാണർഥം. യേശു അധികാരികൾക്ക് ഏല്പിക്കപ്പെടുന്നു എന്നു പറയുന്നിടത്തും ഈ പദമാണുള്ളത് (9,31; 10,33; 14,21.41). പൗലോസിന്റെ ലേഖനങ്ങളിൽ ഈ വാക്ക് യേശുവിന്റെ സഹനത്തെയും മരണത്തെയും സൂചിപ്പിക്കുന്നു (റോമാ 4,25; 8,32; ഗലാ 1,4; 2,20). യോഹന്നാന്റെ അന്ത്യം യേശുവിന്റെ അന്ത്യത്തെക്കുറിച്ചുള്ള സൂചന നല്കുന്നു. 'ബന്ധനസ്ഥനായ' എന്ന കർമണിപ്രയോഗം ദൈവത്തിന്റെ പദ്ധതിയാണ് നിറവേറുന്നതെന്നാണ് അർഥമാക്കുന്നത്. സ്നാപകന്റെ ദൗത്യം അവസാനിക്കുമ്പോഴാണ് യേശുവിന്റെ ദൗത്യം ആരംഭിക്കുന്നതെന്നും സുവിശേഷകൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നു. **ഗലീലി:** യേശുവിന്റെ പരസ്യശുശ്രൂഷയുടെ വേദി. □മത്താ 4,12. **ദൈവത്തിന്റെ സുവിശേഷം:** ദൈവം അരുൾ ചെയ്യുന്ന സദ്വാർത്ത മാത്രമല്ല, യേശുവിലൂടെ ദൈവം നിറവേറ്റുന്ന വാഗ്ദാനങ്ങളും ഇവിടെ അർഥമാക്കുന്നു.

**1,15: സമയം:** 'കൈറോസ്' യേശുവിൽ പൂർത്തിയാകുന്ന രക്ഷയുടെ സമയമാണ്. **ദൈവരാജ്യം സമീപിച്ചിരിക്കുന്നു:** യേശുവിന്റെ പ്രഘോഷണത്തിന്റെ കാതലാണ് ദൈവരാജ്യം. യേശുവിന്റെ വരവോടെ ആരംഭിക്കുന്നതും (ലൂക്കാ 7,18-23; 10,23; 11,20.21) എന്നാൽ പൂർത്തിയാകാനുള്ളതുമായ യാഥാർഥ്യമാണിത് (14,25; ലൂക്കാ 11,2). ദൈവരാജ്യം ഉടൻ സംസ്ഥാപിക്കപ്പെടാനിരിക്കുന്ന യാഥാർഥ്യമാണ് എന്നതിന് മർക്കോസ് ഊന്നൽകൊടുക്കുന്നു. □മത്താ 3,2. **വിശ്വസിക്കുക:** ബൈബിളിൽ വിശ്വാസം ബുദ്ധിപരമായ ബോധ്യം എന്നതിനെക്കാൾ ദൈവത്തിലുള്ള ആശ്രയത്വവും സമ്പൂർണ സമർപ്പണവുമാണ്. ഇവിടെ വിശ്വാസവും മാനസാന്തരവും ഒന്നിച്ചുപോകുന്നു (അപ്പ 11,17.18; 20,21; ഹെബ്രാ 6,1).

**1,16-20:** ആദ്യശിഷ്യരുടെ വിളിയും ദൗത്യവുമാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. ഇവർ യേശുവിന്റെ വിളിയോട് 'ഉടനേ' പ്രതികരിക്കുന്നു. സ്വന്തമായുള്ളതെല്ലാം വിട്ട് യേശുവിനെ അനുഗമിക്കാനുള്ള ചോദന സകല ലൗകി

**1,18: ഉടനേ:** 'എവുത്യൂസ്' എന്ന ഗ്രീക്കുപദം മറ്റു സുവിശേഷകരെക്കാൾ കൂടുതൽ പ്രാവശ്യം മർക്കോസ് ഉപയോഗിക്കുന്നു (51 പ്രാവശ്യം). ബൈബിൾപണ്ഡിതരുടെ അഭിപ്രായത്തിൽ, മർക്കോ 1,15-ലെ ദൈവരാജ്യപ്രഘോഷണവുമായി ബന്ധപ്പെട്ട ആശയമാണ് (സമയം പൂർത്തിയായിരിക്കുന്നു) ഈ ആവർത്തനത്തിന് അടിസ്ഥാനം. യേശുവിന്റെ വരവോടെ ചരിത്രത്തിൽ ദൈവരാജ്യം ഉദയം ചെയ്തുകഴിഞ്ഞു. യേശുവിന്റെ ശുശ്രൂഷയും അതുപോലെ ശിഷ്യന്മാരുടെയും സഭയുടെയും പ്രവൃത്തികളും ദൈവരാജ്യപൂർത്തീകരണം ത്വരിതപ്പെടുത്തുന്നു. ഈ ആശയമാണ് 'എവുത്യൂസ്' കൂടക്കൂടെ ഉപയോഗിക്കുന്നതുവഴി മർക്കോസ് ഉദ്ദേശിക്കുന്നത്.

**1,19: കേടുപോക്കുകയായിരുന്നു:** 'കത്താരിറ്റ്സോന്തെസ്' എന്ന ഗ്രീക്കുപദം വല 'ഒരുക്കുകയായിരുന്നു' എന്നർഥത്തിലാണ് ഇവിടെ മനിലാക്കേണ്ടത്. അതായത്, ജോലിക്കൊരുങ്ങുമ്പോഴാണ് യേശു അവരെ വിളിക്കുന്നത്.

**1,20: അനുഗമിച്ചു:** പിതാവിനെ ഉപേക്ഷിക്കുന്നത് ദൈവദൂഷണത്തിനു തുല്യമാണ് (പ്രഭാ 3,1-16) എന്നു കരുതിയിരുന്ന സമൂഹത്തിൽ, യേശുവിന്റെ ക്ഷണംകേട്ട് യാത്ര ചോദിക്കുകപോലും ചെയ്യാതെ (1 രാജാ 19,20) അവർ അവിടത്തെ അനുഗമിക്കുന്നത് യേശുവിന്റെ വിളിയുടെ അപ്രതിരോധ്യത വെളിപ്പെടുത്തുന്നു.

**1,21-45:** കഫർണാമിൽ സിനഗോഗിന് അകത്തും പുറത്തുമായി ഒരു സാബത്തുദിനത്തിൽ യേശു നടത്തിയ ശുശ്രൂഷ ഇവിടെ വിവരിക്കുന്നു. ഇത് പ്രബോധനങ്ങളും ഭൂതോച്ചാടനങ്ങളും

രോഗവിമുക്തി നല്കലുമെല്ലാം ഉൾപ്പെട്ടതാണ്. പ്രബോധനങ്ങളുടെ ഉള്ളടക്കത്തെക്കാൾ ജനങ്ങളുടെ വിസ്മയത്തിന് ഇവിടെ ഊന്നൽ നല്കുന്നു. യേശുവിന്റെ അധികാരത്തെക്കുറിച്ചാണ് പരാമർശം. നിയമജ്ഞരെപോലെയല്ല അവിടന്ന് സംസാരിച്ചത്.

**1,21: കഫർണാം:** യേശുവിന്റെ ഗലീലിയിലെ പ്രവർത്തനങ്ങളുടെ സിരാകേന്ദ്രം (മർക്കോ 2,1; മത്താ 4,12.13). ഗലീലിക്കടലിന്റെ വടക്കേ തീരത്താണ് ഇതു സ്ഥിതിചെയ്യുന്നത്. □ലൂക്കാ 4,31 -34. **സാബത്ത്:** യഹൂദർ ആരാധനയ്ക്കും വിശ്രമത്തിനുമായി മാറ്റിവച്ചിരിക്കുന്ന ഏഴാമത്തെ ദിവസം (ഉത്പ 2,3; പുറ 20,8-11). യഹൂദർ ദിവസം കണക്കാക്കിയിരുന്നത് അസ്തമയംമുതൽ അസ്തമയംവരെ ആയിരുന്നതിനാൽ സാബത്ത് വെള്ളിയാഴ്ച വൈകുന്നേരം ആരംഭിച്ച് ശനിയാഴ്ച സൂര്യാസ്തമനത്തോടെ അവസാനിച്ചിരുന്നു. **സിനഗോഗ്:** യഹൂദരുടെ പ്രാർഥനാലയം. സിനഗോഗിന് 'സമൂഹം' എന്നും സമൂഹം ഒരുമിച്ചുകൂടുന്ന സ്ഥലം എന്നും അർഥമുണ്ട്. ബാബിലോൺ പ്രവാസകാലത്താണ് സിനഗോഗുകളുടെ ഉദ്ഭവമെന്നു കരുതപ്പെടുന്നു. യേശു സിനഗോഗിൽ പഠിപ്പിക്കുന്നത് സുവിശേഷകൻ വിവരിക്കുന്നുവെങ്കിലും (1,21; 2,31-39; 3,1; 6,2) നസറത്തിലെ തിരസ്കരണത്തിനുശേഷം വീടുകളിലാണ് അവിടന്ന് പ്രബോധനം നല്കുന്നത് (7,17; 3,28; 10,10-12).

**1,23: അശുദ്ധാത്മാവ്:** അശുദ്ധാത്മാവിനെ ബഹിഷ്കരിക്കുന്നത് യേശുവിന്റെ പ്രവർത്തനങ്ങളുടെ അവിഭാജ്യഘടകമാണ് (5,1-20; 7,24-30; 9,14-29). മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന യേശുവിന്റെ പ്രവർത്തനങ്ങളുടെ സംഗ്രഹത്തിലും (1,34.39; 3,11.12.15.22.23; 6,13; 9,38) ഇത് ഇടംപിടിക്കുന്നു. പിശാചിന്റെ ശക്തിയുടെ അന്ത്യം തിന്മയുടെ യുഗം അവസാനിക്കുന്നതിന്റെ അടയാളമാണ് (1 ഏനോക്ക് 55,4).

**1,24: ദൈവത്തിന്റെ പരിശുദ്ധൻ:** യേശുവിനെ 'ദൈവത്തിന്റെ പരിശുദ്ധൻ' എന്ന് അശുദ്ധാത്മാവ് ഏറ്റുപറയുന്നത് (1,24) വിശ്വാസത്താലല്ല, മറിച്ച് ഭയത്താലാണ്. അശുദ്ധാത്മാവിന് യേശുവിന്റെ അധികാരത്തെക്കുറിച്ച് അറിയാം (രള. 1,34; 3,11; 6,13). യേശു ആരാണെന്ന് പിശാചുക്കൾ പറയുന്നത്, യേശുവിന്റെമേൽ ശക്തിപ്രാപിക്കുന്നതിനുള്ള വിഫലശ്രമമാണ്. പേരുപറയുന്നതിലൂടെ ആ വ്യക്തിയുടെമേൽ സ്വന്തം ശക്തി പ്രയോഗിക്കാനാകുമെന്നത് ബാധയൊഴിപ്പിക്കലിന്റെ അടിസ്ഥാനവിശ്വാസങ്ങളിൽ ഒന്നായിരുന്നു.

**1,27: അധികാരത്തോടെയുള്ള പുതിയ പ്രബോധനം:** യേശുവിന്റെ വാക്കുകളിൽ ദൈവികശക്തി വെളിപ്പെട്ടിരുന്നു. അക്കാലത്തെ ഭൂതോച്ചാടകരിൽ അധികംപേരും പിശാചിനെ ഒഴിപ്പിക്കാൻ ദീർഘമായ പ്രാർഥനകൾ ഉച്ചരിക്കുകയോ ചില പ്രത്യേക ഗന്ധമുള്ള ചെടികളുടെ വേരുകൾ ഉപയോഗിക്കുകയോ ചെയ്തിരുന്നു. എന്നാൽ യേശു അശുദ്ധാത്മാക്കളോട് പുറത്തുവരാൻ ആജ്ഞാപിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നു. യേശു മരുഭൂമിയിൽ പിശാചിനെയും ഇവിടെ പിശാചിന്റെ പിണിയാളുകളായ അശുദ്ധാത്മാക്കളെയും പരാജയപ്പെടുത്തുന്നു.

**1,32: സൂര്യാസ്തമയമായപ്പോൾ:** സാബത്ത് (1,21) അവസാനിച്ചുവെന്നു സൂചിപ്പിക്കുന്ന പ്രസ്താവന. സാബത്തുദിനം ബഹുദൂരം നടക്കാനോ രോഗികളെ വഹിക്കാനോ അനുവാദമില്ലാതിരുന്നതിനാലാണ് സാബത്ത് അവസാനിച്ചപ്പോൾ രോഗികളായവർ ഓടിക്കൂടിയത്.

**1,35: അതിരാവിലേ ... പ്രാർഥിച്ചു:** മർക്കോസിന്റെ സമയക്രമമനുസരിച്ച്, സാബത്തുകഴിഞ്ഞുവരുന്ന ഞായറാഴ്ച അതിരാവിലേ യേശു പ്രാർഥിച്ചു. ആദിമസഭയിലെ ഞായറാഴ്ചയാചരണത്തിന്റെ സൂചന ഇവിടെ കാണാം. എന്നും അതിരാവിലേ പ്രാർഥിക്കുകയെന്നത് യഹൂദഭക്താഭ്യാസത്തിന്റെ ഭാഗമായിരുന്നു (സങ്കീ 5,3; 88,19; 119,147). **വിജനസ്ഥലത്ത്:** 'മരുഭൂമി' എന്നാണ് വാച്യാർഥം. മരുഭൂമിയിലെ പരീക്ഷണത്തിനു സമാനമാണിത്. അവിടന്ന് മനുഷ്യരുടെ പ്രശംസയല്ല, ദൈവഹിതമാണ് അന്വേഷിക്കുന്നത്.

**1,36: തേടി പുറപ്പെട്ടു:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'കത്തേദിയോക്സേൻ' എന്ന ഗ്രീക്കുപദത്തിന് 'ശത്രുതയോടെ തുടർന്നന്വേഷിക്കുക' എന്നാണർഥം. നീതിമാനെ ശത്രുക്കൾ പിന്തുടരുന്നത് സൂചിപ്പിക്കാൻ സങ്കീർത്തകൻ ഈ പദമാണ് ഉപയോഗിക്കുന്നത് (സങ്കീ 75; 18,37). യേശു ജനക്കൂട്ടത്തെവിട്ട് പ്രാർഥിക്കാൻ പോയതിൽ ശിഷ്യർക്കുള്ള നീരസമായിരിക്കാം ഇവിടെ പ്രകടമാകുന്നത്.

**1,40: കുഷ്ഠരോഗി:** കുഷ്ഠരോഗം, അതിന് ഇരയാകുന്നവരെ അശുദ്ധരും തന്മൂലം ഇസ്രായേലിന്റെ ആരാധനാജീവിതത്തിൽ പങ്കാളികളാകാൻ അയോഗ്യരുമാക്കിത്തീർക്കുന്നു (ലേവ്യ 13,18). ഈ രോഗം 'സാംക്രമികമായി' പരിഗണിക്കപ്പെട്ടിരുന്നതിനാൽ, ശുദ്ധിയുള്ളവർകൂടി അശുദ്ധരാകാതിരിക്കാൻ കുഷ്ഠരോഗികളെ സമൂഹത്തിൽനിന്നും അകറ്റിനിറുത്തിയിരുന്നു (ലേവ്യ 13,45.46). പഴയനിയമത്തിൽ രണ്ടു സന്ദർഭങ്ങളിലാണ് ദൈവം കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നത് (സംഖ്യ 12,10-15; 2 രാജാ 5,1-14). കുഷ്ഠരോഗിയെ കൈനീട്ടി സ്പർശിക്കുന്നതിലൂടെ യേശു അശുദ്ധിയെക്കുറിച്ചുള്ള അന്നത്തെ കാഴ്ചപ്പാടിനെ തള്ളിക്കളയുന്നു. □ലൂക്കാ 5,12. **മനുണ്ടെങ്കിൽ:** യേശുവിന്റെ ഇഷ്ടത്തിന് വിട്ടുകൊടുക്കുന്ന അപേക്ഷ. ഗത്സെമനിയിലെ പ്രാർഥനയിൽ യേശു പ്രകടിപ്പിച്ചതും ഈ മനോഭാവംതന്നെ (14,36).

**1,41: മനലിഞ്ഞ്:** 'സ്പളാൻഖ്നിറ്റ്സൊമായ്' (കുടലിൽ ഇളക്കമുണ്ടായി) എന്നപദം കരുണയുടെ അപ്രതിരോധ്യമായ പ്രായോഗികതലത്തെ സൂചിപ്പിക്കുന്നു.

**1,44: ആരോടും ഒന്നും സംസാരിക്കരുത്:** ഈ 'മെസയാനിക നിഗൂഢത' മർക്കോസിന്റെ സുവിശേഷത്തിലെ ഒരു സുപ്രധാന പ്രമേയമാണ്. തന്റെ മിശിഹാത്വം മറച്ചുവയ്ക്കുന്നതിനുവേണ്ടി, യേശു പിശാചുക്കളോടും (മർക്കോ 1,25.34; 3,12) മനുഷ്യരോടും (5,43 7,36; 8,30; 9,9) നിശ്ശബ്ദരായിരിക്കാൻ ആവശ്യപ്പെടുന്നുണ്ട്. വ്യത്യസ്തങ്ങളായ കാരണങ്ങൾ കണക്കിലെടുത്താണ് യേശു ഈ നയം സ്വീകരിക്കുന്നത്: 1. ഒരു അദ്ഭുതപ്രവർത്തകനെന്ന പ്രശസ്തി ഒഴിവാക്കാൻ യേശു ആഗ്രഹിച്ചിരുന്നു. തന്റെ അദ്ഭുതങ്ങൾ തന്റെ രക്ഷാകരസന്ദേശത്തിൽനിന്ന് അടർത്തിമാറ്റപ്പെടരുതെന്ന് അവിടത്തേക്ക് നിർബന്ധമുണ്ടായിരുന്നു; 2. മിശിഹാ ഒരു രാഷ്ട്രീയ/സൈനിക നേതാവായിട്ടായിരിക്കും വരുകയെന്ന ജനങ്ങളുടെ പ്രതീക്ഷയെ അവിടത്തേക്ക് തിരുത്തേണ്ടിയിരുന്നു; 3. നിശ്ചയിക്കപ്പെട്ടിരുന്ന സമയത്തിനുമുമ്പുതന്നെ, തന്റെ എതിരാളികളിൽ ക്രോധം ഉളവാക്കാൻ അവിടന്ന് ആഗ്രഹിച്ചില്ല. **നിന്നെത്തന്നെ കാണിച്ചുകൊടുക്കുക:** മോശയുടെ നിയമമനുസരിച്ച് ലേവ്യപുരോഹിതരായിരുന്നു ഒരു കുഷ്ഠരോഗിയുടെ ശുദ്ധാശുദ്ധി നിർണയിച്ചിരുന്നത് (ലേവ്യ 14,1-32). അപ്രകാരം ശുദ്ധിയുള്ളവൻ എന്നു നിർണയിക്കപ്പെടുന്ന വ്യക്തി ആരാധനാസമൂഹത്തിലേക്ക് പുനഃപ്രവേശിക്കാനായി ദേവാലയത്തിൽ കാഴ്ചയർപ്പിക്കേണ്ടിയിരുന്നു.

**2,1–3,6:** യേശുവിന്റെ പ്രബോധനം ഫരിസേയരുടേതിനും നിയമജ്ഞരുടേതിനും ഉപരിയാണെന്നു സുവിശേഷകൻ വ്യക്തമാക്കുന്നു. യേശുവിന്റെ പാപമോചനാധികാരം (2,1-12), പാപികളോടും ചുങ്കക്കാരോടുമുള്ള സൗഹൃദം (2,13-17), ശിഷ്യർ ഉപവസിക്കാതിരിക്കുന്നത് (2,18-22), ശിഷ്യരുടെ സാബത്തു ലംഘനം (2,23-28), സാബത്തുദിവസം യേശു നല്കുന്ന രോഗശാന്തി (3,1-6) എന്നിവ യേശുവിനോടുള്ള എതിർപ്പിനു കാരണമാകുന്നു. ഈ സംഘർഷവിവരണങ്ങളിലൂടെ ശിഷ്യത്വത്തെക്കുറിച്ചാണ് യേശു പഠിപ്പിക്കുന്നത്. യേശു പ്രഘോഷിക്കുന്ന ദൈവരാജ്യം ജനത്തിന് പാപമോചനവും സൗഖ്യവും പ്രദാനംചെയ്യുമ്പോൾ യേശുവിന് അത് ശത്രുതയും മരണവുമാണ് നല്കുന്നത്.

**2,5: അവരുടെ വിശ്വാസം:** തളർവാതരോഗിയുടെയും അയാളെ എടുത്തുകൊണ്ടുവരുന്നവരുടെയും വിശ്വാസം കണ്ടിട്ടാണ് യേശു അയാളെ സുഖപ്പെടുത്തുന്നത്. മറ്റുള്ളവരെ സൗഖ്യത്തിലേക്കും രക്ഷയിലേക്കും നയിക്കാനുള്ള നമ്മുടെ പ്രാർഥനകളും പരിശ്രമങ്ങളും വ്യർഥമല്ല. പിന്നീട് അദ്ഭുതങ്ങൾ പ്രവർത്തിക്കുമ്പോഴെല്ലാം വിശ്വാസത്തിന്റെ ആവശ്യകത യേശു എടുത്തുപറയുന്നുണ്ട്. അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ വിശ്വാസം അനിവാര്യമാണെന്നുള്ള സൂചനയുമുണ്ട് (5,37; 9,23.24; 10,28.34).

**2,6: നിയമജ്ഞർ:** മോശയുടെ നിയമത്തിലും അതിന്റെ പരമ്പരാഗത വ്യാഖ്യാനത്തിലും പാണ്ഡിത്യം നേടിയവർ. മർക്കോസിന്റെ സുവിശേഷത്തിലുടനീളം, ഒരവസരത്തിലൊഴികെ (12,28-34), ഇവർ യേശുവിന്റെ ശത്രുക്കളുടെ വേഷത്തിലാണ് പ്രത്യക്ഷപ്പെടുന്നത്.

**2,7: ദൈവദൂഷണം പറയുന്നു:** ദൈവത്തിനുമാത്രമുള്ള പാപമോചനാധികാരം തനിക്കുള്ളതായി യേശു അവകാശപ്പെടുന്നത് നിയമജ്ഞർ തിരിച്ചറിയുകയും (സങ്കീ 103,3; ഏശ 43,25) ഇത് ദൈവദൂഷണമാണെന്ന് വിധിയെഴുതുകയും ചെയ്യുന്നു. ഇസ്രായേല്ക്കാരുടെ ഏറ്റവും ഗുരുതരമായ കുറ്റകൃത്യമായിരുന്നു ദൈവദൂഷണം (ലേവ്യ 24,16). യേശുവിന്റെ വിചാരണവേളയിലും ഈ ആരോപണം ആവർത്തിക്കപ്പെടുന്നുണ്ട് (14,60-64).

**2,8:** ദൈവത്തിനു മാത്രമാണ് മനുഷ്യന്റെ ഉള്ളിലെ ചിന്തകൾ അറിയാവുന്നത് (1 സാമു 16,7; 1 രാജാ 8,39). നിയമജ്ഞരുടെ രഹസ്യചിന്തകൾ വെളിപ്പെടുത്തിയും തളർവാതരോഗിയുടെ പാപാവസ്ഥ മനിലാക്കിയും യേശു തന്റെ ദൈവത്വം സൂചിപ്പിക്കുന്നു.

**2,9: ഏതാണ് എളുപ്പം:** പാപമോചനത്തിന്റെ ഫലം പരിശോധിച്ചു മനിലാക്കാൻ കഴിയുന്ന വിധം ബാഹ്യമായതല്ല, ആന്തരികമാണ്. ആ മനുഷ്യനു ലഭിക്കുന്ന ആന്തരികസൗഖ്യത്തിന്റെ ദൃശ്യമായ പ്രകടനമെന്നവണ്ണം യേശു അയാൾക്ക് ശാരീരികസൗഖ്യം നല്കുന്നു. ശാരീരിക സൗഖ്യം ബാഹ്യമായി കാണാവുന്നതിനാൽ ആന്തരികമായ പാപമോചനത്തെക്കാൾ പ്രയാസ മാണെന്നു പറയാം. ദുഷ്കരമെന്നു കരുതുന്ന ശാരീരികസൗഖ്യം നല്കാൻ യേശുവിനു കഴി യുമെങ്കിൽ, എളുപ്പമെന്നു പറയാവുന്ന പാപമോചനം നല്കാനും യേശുവിനു കഴിയുമെ ന്നർഥം.

**2,10: അധികാരം:** സൗഖ്യംനല്കാനും പാപംമോചിക്കാനുമുള്ള ദൈവികശക്തി. **മനുഷ്യപു ത്രൻ:** യേശു തന്റെതന്നെ അധികാരം കാണിക്കാൻ ഉപയോഗിക്കുന്ന പ്രയോഗമാണിത്. പീഡ കളേറ്റു കുരിശിൽ മരിക്കുന്നതിലൂടെ അധികാരത്തിനും ശക്തിക്കും അവിടന്ന് പുതിയമാനം നല്കുന്നു. ഈ വാക്യം നിയമജ്ഞരോടോ തളർവാതരോഗിയോടോ അല്ല, മർക്കോസിന്റെ സുവിശേഷം ലക്ഷ്യംവയ്ക്കുന്ന, യേശുവിനെ മിശിഹായും ദൈവപുത്രനുമായി സ്വീകരിക്കുന്ന ക്രൈസ്തവരോടാണ് എന്നു പറയാം.

**2,14: ചുങ്കസ്ഥലം:** അതിർത്തികൾകടത്തി സാധനങ്ങൾ കൊണ്ടുപോകുമ്പോൾ ചുങ്കം പിരി ക്കാനായി നിശ്ചയിച്ച സ്ഥലം. ഫരിസേയർ ചുങ്കക്കാരെ പാപികൾ എന്നു മുദ്രകുത്തിയി രുന്നതിനു (2,15) വിവിധ കാരണങ്ങളുണ്ട്: 1. ഗലീലിയിൽ നികുതിപിരിച്ചിരുന്ന ഇവർക്ക് വിജാ തീയരുമായി നിരന്തരം ഇടപെടേണ്ടിയിരുന്നു. ഫരിസേയരുടെ വീക്ഷണത്തിൽ, ശുദ്ധിയി ല്ലാത്ത വിജാതീയരുമായുള്ള സമ്പർക്കം ഇവരെയും അശുദ്ധരാക്കിയിരുന്നു; 2. നികുതിപിരിച്ചി രുന്നത് അന്ന് പലസ്തീനാ ഭരിച്ചിരുന്നവരും യഹൂദർക്ക് അനഭിമതരുമായിരുന്ന റോമാ ക്കാർക്കുവേണ്ടിയായിരുന്നതിനാൽ ചുങ്കക്കാർ യഹൂദരുടെ രാഷ്ട്രീയ സ്വാതന്ത്ര്യമോഹത്തിനു വിഘാതം സൃഷ്ടിക്കുന്ന രാജ്യദ്രോഹികളായാണ് കണക്കാക്കപ്പെട്ടിരുന്നത്; 3. നിശ്ചിതനികു തിക്കു പുറമേ നിയമപ്രകാരമല്ലാത്ത പിരിവും ഇവർ ഈടാക്കിയിരുന്നതിനാൽ, ഇവർ ജന ങ്ങളെ ചൂഷണം ചെയ്യുന്നവരാണെന്നും ആരോപിക്കപ്പെട്ടിരുന്നു. പാപികളായി കണ ക്കാക്കപ്പെട്ടിരുന്ന ഇവരുടെ കുടുംബങ്ങൾ സമൂഹത്തിൽനിന്ന് നിഷ്കാസിതരുമായിരുന്നു. **അനുഗമിച്ചു:** യേശുവിന്റെ ശിഷ്യനായി മാറിയെന്നർഥം.

**2,15: ഭക്ഷണത്തിനിരിക്കുമ്പോൾ:** 'കത്താകെയ്മായ്' എന്ന ഗ്രീക്കുപദത്തിന് 'കൈകുത്തിയി രിക്കുക' എന്നാണ് മൂലാർഥം. യഹൂദർ വിശേഷാവസരങ്ങളിൽ റോമാക്കാരെയും ഗ്രീക്കുകാ രെയുംപോലെ ഇടത്തു കൈമുട്ടിൽ ചാഞ്ഞിരുന്ന് ഭക്ഷണം കഴിച്ചിരുന്നു. യേശുവിനെ വിശിഷ്ടാതിഥിയായി സ്വീകരിച്ചു എന്ന് ഇതിൽനിന്നു മനിലാക്കാം.

**2,16–28:** യേശുവും ഫരിസേയരും തമ്മിലുള്ള മൂന്നു തർക്കങ്ങളാണ് ഇവിടെയുള്ളത്. യേശു ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷണം കഴിക്കുന്നത് ഫരിസേയർക്ക് ഉതപ്പുണ്ടാക്കുന്നു (2,16.17). യോഹന്നാന്റെ ശിഷ്യന്മാർ ഉപവസിക്കുമ്പോൾ യേശു ശിഷ്യന്മാരോടൊപ്പം തിന്നു കയും കുടിക്കുകയും ചെയ്യുന്നുവെന്നത് അവരെ ചൊടിപ്പിക്കുന്നു (2,18–22). സാബത്തിൽ ശിഷ്യന്മാർ കതിരുകൾ പറിച്ചു ഭക്ഷിക്കുന്നതിനെക്കുറിച്ചാണ് മൂന്നാമത്തെ തർക്കം (2,23–28). ഈ തർക്കങ്ങളിലെല്ലാം ഒരേ ഘടനയാണുള്ളത്: ഒരു വസ്തുത പ്രസ്താവിക്കപ്പെടുന്നു; പ്രതി ഷേധത്തിന്റെ ചോദ്യമുയരുന്നു; യേശു മറുപടിനല്കുന്നു. ഇവയോരോന്നിലും യേശുവിനെ അധിക്ഷേപിക്കാനും ഇകഴ്ത്താനുമാണ് ഫരിസേയർ ശ്രമിക്കുന്നത് (2,16.18.24). യേശുവിന്റെ പെരുമാറ്റം ചോദ്യംചെയ്യപ്പെടേണ്ടതും ഉടമ്പടിപ്രകാരം ഇസ്രായേൽ പാലിക്കേണ്ടിയിരുന്ന പരി ശുദ്ധിയിൽനിന്നും അവരെ വഴിതെറ്റിക്കുന്ന തരത്തിൽ അപകടകരവുമാണെന്നാണ് ഫരിസേയ പക്ഷം. ഈ അസ്വാരസ്യങ്ങളുടെ മൂർധന്യത്തിൽ യേശുവിനെ ഇല്ലായ്മചെയ്യാൻ ഫരിസേയർ കൂടിയാലോചന നടത്തുന്നു (3,6).

**2,16:** ''ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും'' എന്ന് ചില കൈയെഴുത്തുപ്രതികളിൽ കാണു ന്നു. **പാപികളോടും ... ഒപ്പം ഭക്ഷണം കഴിക്കുന്നു:** പൗരാണികസമൂഹങ്ങളിൽ ഒരുമിച്ചി രുന്നു ഭക്ഷണം കഴിക്കുന്നത് വ്യക്തിപരമായ സ്വീകാര്യതയുടെയും പരസ്പര സൗഹൃദത്തി ന്റെയും ചിഹ്നമായിരുന്നു. ധർമിഷ്ഠരായ യഹൂദർ അസ്പർശ്യരായി കരുതിയിരുന്ന പാപിക

ളോടും ചുങ്കക്കാരോടുമുള്ള യേശുവിന്റെ തുറന്ന സൗഹൃദം, ഫരിസേയരുടെ ധാർമികതയെക്കുറിച്ചുള്ള ധാരണകളെ അതിലംഘിക്കുന്നു. വിജാതീയരുമായുള്ള സൗഹൃദമുൾപ്പെടെ അശുദ്ധിയുടെ എല്ലാ ഉറവിടങ്ങളിൽനിന്നും അകന്നുനില്ക്കാൻ ഇസ്രായേല്ക്കാരോടു നിഷ്കർഷിക്കുന്ന പഴയ ഉടമ്പടി അക്ഷരംപ്രതി അനുസരിക്കുന്നവരായിരുന്നല്ലോ ഫരിസേയർ. എന്നാൽ എല്ലാവരിലേക്കും കരുണയുടെ കരം നീട്ടുന്ന പിതാവിനെ അനുകരിക്കാൻ പഠിപ്പിക്കുന്ന പുതിയ ഉടമ്പടിപ്രകാരമുള്ള ജീവിതത്തിന് യേശു ഇവിടെ മാതൃക നല്കുന്നു (മത്താ 5,43-48; ലൂക്ക 6,36).

**2,17: പ്രത്യുത, രോഗികൾക്കാണ്:** തന്റെ സൗഖ്യദായക ശുശ്രൂഷയുടെ കേന്ദ്രഭാഗം പന്തിഭോജനമാണെന്നു കാണിക്കാൻ പ്രസിദ്ധമായ ഒരു പഴഞ്ചൊല്ല് യേശു ഉപയോഗിക്കുന്നു. **നീതിമാന്മാരെയല്ല:** നിയമം പാലിക്കാൻ ആത്മാർഥമായി ശ്രമിക്കുന്നവർ (സങ്കീ 1). **പാപികളെ വിളിക്കാൻ:** പാപികൾ നിയമം അറിഞ്ഞുകൊണ്ട് അവഗണിക്കുന്നവരാണ്. നീതിമാന്മാരെ ദ്രോഹിക്കുന്ന പാപികൾ ശിക്ഷിക്കപ്പെടും എന്നു വിശ്വസിച്ചിരുന്നവരോടാണ് പാപികളെ വിളിക്കാനും രക്ഷിക്കാനുമായി താൻ വന്നിരിക്കുന്നുവെന്ന് യേശു പ്രഖ്യാപിക്കുന്നത്.

**2,18-22:** □മത്താ 9,15; 9,17.

**2,18: ഉപവസിക്കുകയായിരുന്നു:** പ്രാർഥന, ഉപവാസം, ദാനധർമം എന്നിവ യഹൂദരുടെ പ്രധാനപ്പെട്ട മൂന്നു ഭക്താഭ്യാസങ്ങളായിരുന്നു (തോബി 12,8.9). മോശയുടെ നിയമമനുസരിച്ച് പാപപ്പരിഹാരദിനത്തിൽ ഉപവസിക്കണം (ലേവ്യ 16,1-36). പ്രത്യേക അവസരങ്ങളിലും ഉപവാസം പ്രഖ്യാപിക്കുന്നത് നാം കാണുന്നുണ്ട് (നെഹെ 9,1; സഖ 8,19; ജോയേ 2,12.13). ഫരിസേയർ ആഴ്ചയിൽ രണ്ടുതവണ (ലൂക്കാ 18,12) ഉപവസിച്ചിരുന്നു.

**2,19: മണവാളൻ:** തന്റെ ദൈവത്വം വെളിപ്പെടുത്താനായി യേശു വിവാഹം എന്ന പ്രതീകം ഉപയോഗിക്കുന്നു. പുതിയനിയമത്തിൽ ക്രിസ്തുവും സഭയുമായുള്ള ഉടമ്പടിബന്ധമാണ് ഇതു സൂചിപ്പിക്കുന്നത് (മത്താ 25,1-13; എഫേ 5,25). പഴയനിയമത്തിൽ ദൈവം മണവാളനും ഇസ്രായേൽ മണവാട്ടിയുമാണ് (ഹോസി 2,14-20; ഏശ 54,4-8; ജറെ 2,2). **ഉപവസിക്കാൻ സാധിക്കുമോ:** വിവാഹാഘോഷങ്ങളിൽ പങ്കെടുക്കുന്ന തോഴർക്ക് ആഴ്ചതോറുമുള്ള ഉപവാസത്തിൽനിന്ന് ഒഴിവുനല്കിയിരുന്നു. വിവാഹാഘോഷവും ഉപവാസവും ഒന്നിപ്പിക്കുവാൻ കഴിയുകയില്ല. പഴയനിയമവീക്ഷണത്തിൽനിന്നു വ്യത്യസ്താണ് യേശുവിലെ നവീനകാഴ്ചപ്പാട്. പഴയ ഉടമ്പടിയുടെ ഉപവാസവും കാത്തിരിപ്പും യേശു ലോകത്തിലേക്കു കൊണ്ടുവരുന്ന പുതിയ ഉടമ്പടിയുടെ വിരുന്നിനും ആഘോഷത്തിനും വഴിമാറണം.

**2,22:** ''പുതിയ വീഞ്ഞിന് പുതിയ തോല്ക്കുടങ്ങൾ വേണം'' എന്ന ഭാഗം ചില പ്രാചീന കൈയെഴുത്തുപ്രതികളിൽ ഇല്ല.

**2,24: സാബത്തിൽ നിഷിദ്ധമായത്:** നിയ 23,25-ൽ ധാന്യക്കതിരുകൾ പറിച്ചുതിന്നാൻ ഇസ്രായേല്ക്കാരെ അനുവദിക്കുന്നുണ്ടെങ്കിൽകൂടി, സാബത്തിൽ വിളവെടുപ്പു നിരോധിക്കുന്ന വചനം (പുറ 34,21) ഉദ്ധരിച്ചുകൊണ്ടാണ് ശിഷ്യന്മാർ നിയമലംഘനം നടത്തുന്നുവെന്ന് ഫരിസേയർ ആരോപിക്കുന്നത്.

**2,25: നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലേ:** നിയമത്തിൽ അവഗാഹമുണ്ടെന്ന് അവകാശപ്പെടുന്ന ഫരിസേയർക്കുനേരേ യേശു ഉയർത്തുന്ന കുറിക്കുകൊള്ളുന്ന ചോദ്യം. **ദാവീദും ...:** പുരോഹിതന്മാർക്കു മാത്രം ഭക്ഷിക്കാൻ അവകാശമുള്ള കാഴ്ചയപ്പം (ലേവ്യ 24,9) എടുത്തുഭക്ഷിക്കാൻ തന്റെ വിശന്നുവലഞ്ഞ സഹചാരികളെ അനുവദിക്കുമ്പോൾ (1 സാമു 21,1-6) ദാവീദ് നിയമലംഘകനായിത്തീരുന്നില്ല. യേശു വരാനിരിക്കുന്ന മിശിഹായും ദാവീദിനെക്കാൾ വലിയവനും ആയതിനാൽ (മർക്കോ 12,35-37) തന്റെ കൂടെയുള്ള ശിഷ്യന്മാർക്കു വിശന്നപ്പോൾ സാബത്ത് ലംഘിക്കാൻ അവിടന്ന് അവരെ അനുവദിക്കുന്നത് നീതീകരിക്കാവുന്നതാണ്.

**2,27: സാബത്ത്:** വിശ്രമത്തിനും ആരാധനയ്ക്കുമായി മാറ്റിവച്ചിരിക്കുന്ന ഈ ദിവസം (ഉത്പ 2,1-3; പുറ 20,8-11) ദൈവത്തിലുള്ള പരിപൂർണ ആശ്രയത്തെക്കുറിച്ച് ഇസ്രായേല്ക്കാരെ ഓർമപ്പെടുത്തുന്നു. എന്നാൽ ഫരിസേയർ സാബത്താചരണത്തെ തങ്ങളുടെതന്നെ മാനദണ്ഡങ്ങളനുസരിച്ച് വളച്ചൊടിച്ചു. ഫരിസേയർ ക്രോഡീകരിച്ച സാബത്തുചട്ടങ്ങളിൽനിന്ന് അണുവിട വ്യതിചലിക്കുന്നവരെപ്പോലും അലസരും മതകാര്യങ്ങളിൽ വിട്ടുവീഴ്ചവരുത്തുന്നവരുമെന്ന് അവർ മുദ്രകുത്തിയിരുന്നു.

**2,28: മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്:** ക്രിസ്തീയവിശ്വാസികളായ വായനക്കാർക്കുവേണ്ടി സാബത്തിനെക്കുറിച്ചുള്ള ദൈവശാസ്ത്രപരമായ അർഥം സുവിശേഷകൻ ഇവിടെ കുറിക്കുന്നു.

**3,1–5:** സാബത്താചരണത്തെക്കുറിച്ച് തന്റെ എതിരാളികളുമായി യേശു സംവാദം തുടരുന്നു. സാബത്തുനിയമങ്ങൾ ലംഘിക്കുന്നവൻ എന്ന രീതിയിലാണ് ഇവിടെ എതിരാളികൾ യേശുവിനെ വീക്ഷിക്കുന്നത്.

**3,4: അനുവദനീയം:** സാബത്തിൽ കരുണയാലോ അത്യാവശ്യ കാരണത്താലോ പ്രേരിതമായി ഒരു നന്മപ്രവൃത്തി ചെയ്യുന്നത് നിയമലംഘനമാകുന്നില്ലെന്ന് യേശു ദ്യോതിപ്പിക്കുന്നു. നന്മപ്രവൃത്തികളിൽനിന്നല്ല, ധനസമ്പാദനാർഥമുള്ള ജോലികളിൽനിന്നാണ് സാബത്തിൽ ഒഴിഞ്ഞുനില്ക്കേണ്ടത്. **ജീവൻ ... നശിപ്പിക്കുന്നതോ?:** ജീവൻ രക്ഷിക്കാതിരിക്കുന്നത് ജീവനെടുക്കുന്നതിനു തുല്യമാണല്ലോ. സാബത്തിൽപോലും ജീവൻ സംരക്ഷിക്കുന്ന പ്രവൃത്തികളിലേക്കാണ് അനുകമ്പ നമ്മെ നയിക്കേണ്ടത്. രാജ്യം സംരക്ഷിക്കാൻ യുദ്ധം ചെയ്യുന്നത് അനുവദിക്കാനായി യഹൂദർ താത്കാലികമായി സാബത്താചരണം നിർത്തിവയ്ക്കുന്ന സംഭവത്തിലേക്കുകൂടി (1 മക്ക 2,41) യേശു ഇവിടെ വിരൽചൂണ്ടുന്നുണ്ട്.

**3,6: ഫരിസേയർ ... ഹേറോദേസ് പക്ഷക്കാരുമായി:** പുതിയനിയമകാലത്തെ പാലസ്തീനയിലെ രണ്ട് മത-രാഷ്ട്രീയ കക്ഷികൾ. യഹൂദജീവിതത്തെക്കുറിച്ച് ഇവർക്ക് വ്യത്യസ്തങ്ങളായ നിലപാടുകളാണുണ്ടായിരുന്നതെങ്കിലും യേശുവിനെ എതിർക്കാൻ അവർ ഒന്നിക്കുന്നു.
ഗലീലി, പെരെയ എന്നിവിടങ്ങളിലെ ദേശാധിപതിയായ ഹേറോദേസിന്റെ പക്ഷക്കാരുടെ സഹായമില്ലാതെ അവർക്ക് യേശുവിനെ വധിക്കാൻ സാധിക്കില്ലായിരുന്നു. □ലൂക്കാ 5,17.

**3,7–19:** യേശുവിന്റെ ഗലീലിയിലെ ശുശ്രൂഷയുടെ പൊതുവായുള്ള ഒരു അവലോകനവും (7-12) ശിഷ്യരുടെ തിരഞ്ഞെടുപ്പും ദൗത്യവും (13-19) ഇവിടെ വിവരിക്കപ്പെടുന്നു. യേശുവിന്റെ പ്രബോധനങ്ങളും അദ്ഭുതപ്രവൃത്തികളും പല ദേശങ്ങളിൽനിന്നുള്ളവരെ ആകർഷിക്കുന്നതാണ് ആദ്യ ഭാഗം.

**3,8:** യേശു ഇനിയും പ്രവർത്തിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽനിന്നുപോലും ജനം എത്തുന്നത് അവിടത്തെ പ്രശസ്തി സൂചിപ്പിക്കുന്നു.

**3,10: രോഗമുണ്ടായിരുന്നവരെല്ലാം:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'മസ്തിഗാസ്' എന്ന ഗ്രീക്കുപദത്തിന് 'ചാട്ടയടി സ്വീകരിച്ചവർ' എന്നാണ് വാച്യാർഥം. ദൈവം നല്കുന്ന പീഡനമാണ് രോഗം എന്ന് അന്നാളുകളിൽ കരുതപ്പെട്ടിരുന്നു.

**3,12: തന്നെ വെളിപ്പെടുത്തരുതെന്ന്:** ജനങ്ങൾ യേശുവിനെ ശക്തനായ ഒരു രോഗശാന്തിശുശ്രൂഷകനും ഭൂതോച്ചാടകനുമായി കണ്ടുവെങ്കിൽ, പിശാചുക്കൾ ദൈവപുത്രനായ അവിടത്തെ യഥാർഥ സ്വത്വം തിരിച്ചറിഞ്ഞിരുന്നു (3,11).

**3,13: മലയിലേക്കു കയറി:** ദൈവം മോശയെ മലമുകളിലേക്കു വിളിക്കുന്നതിനെ അനുസ്മരിപ്പിക്കുന്ന രീതിയിൽ (പുറ 19,3-6; നിയ 32,48-34,9) യേശു തനിക്കിഷ്ടമുള്ളവരെ തന്റെ അടുത്തേക്കു വിളിക്കുന്നു.

**3,14:** ''അവരെ അപ്പസ്തോലന്മാർ എന്നു വിളിച്ചു'' എന്നുകൂടി ചില കൈയെഴുത്തുപ്രതികളിൽ കാണുന്നു. **അവൻ പന്ത്രണ്ടുപേരെ നിയോഗിച്ച്:** അപ്പസ്തോലന്മാരുടെ എണ്ണം പ്രതീകാത്മകമാണ്. യാക്കോബിന്റെ പന്ത്രണ്ടു മക്കൾ പഴയ ഉടമ്പടിയുടെ പ്രതിനിധികളായിരുന്നതുപോലെ (ഉത്പ 49,3-28) സഭയിലൂടെ തന്റെ പുതിയ ഉടമ്പടിജനതയെ പടുത്തുയർത്താൻ പന്ത്രണ്ടു പിതാക്കന്മാരെ യേശു ഒരുമിച്ചുകൂട്ടുന്നു (മത്താ 19,28; വെളി 21,12-14). □മത്താ 10,1.
**തന്നോടുകൂടെ ആയിരിക്കുന്നതിനും:** ഗുരുവിനോടുകൂടെ ആയിരിക്കുകയാണ് ശിഷ്യരുടെ പ്രാഥമിക കടമ. കൂടെ ആയിരിക്കാനുള്ള ഈ വിളി യേശുവിനോടൊപ്പം അപമാനവും സഹനവും മരണവും മഹത്ത്വവും പങ്കുപറ്റാനുള്ളതുമാണ്. **പ്രഘോഷിക്കാൻ:** അടുത്തറിഞ്ഞ യേശുവിനെ
പ്രഘോഷിക്കുകയാണ് ശിഷ്യരുടെ അടുത്ത ധർമം. യേശുവിന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ശിഷ്യർക്കു ലഭിക്കുന്ന പിശാചുക്കളെ ബഹിഷ്കരിക്കാനുള്ള അധികാരം.

**3,16: പത്രോസ്:** ശിമയോന്റെ പേര് പത്രോസ് എന്നു മാറ്റുന്നതായി സുവിശേഷകൻ ഈ അവസരത്തിലാണ് സൂചിപ്പിക്കുന്നത്. പേരു നല്കുന്നത് ആ വ്യക്തിയുടെമേൽ യേശുവിനുള്ള

അധികാരം സൂചിപ്പിക്കുന്നു. പുതിയനിയമത്തിൽ ശിഷ്യന്മാരുടെ പേരുകൾ പറയുമ്പോൾ പത്രോസിന്റെ പേരാണ് ആദ്യത്തേത് (മത്താ 10:2; ലൂക്കാ 6,14; അപ്പ 1,1; 1 കോറി 15:5-8). **പത്രോസ് (മത്താ 16,15).**

**3,22: ബേൽസെബൂൽ:** എക്രോൺകാർ ആരാധിച്ചിരുന്ന ഒരു ദേവൻ (2 രാജാ 1,2-16). സാത്താനെ സൂചിപ്പിക്കുന്ന അപമാനകരമായ ഒരു സംജ്ഞയായാണ് നിയമജ്ഞർ ഇത് ഉപയോഗിക്കുന്നത്. □മത്താ 10,25; ലൂക്കാ 11,15. രണ്ട് ആരോപണങ്ങളാണ് യേശുവിനെതിരേ ഉന്നയിക്കപ്പെടുന്നത്: 1. അവനിൽ അശുദ്ധാത്മാവ് (ബേൽസെബൂൽ) ആവേശിച്ചിരിക്കുന്നു. 2. പിശാചുക്കളുടെ തലവനെക്കൊണ്ടാണ് അവൻ പിശാചുക്കളെ പുറത്താക്കുന്നത്. 24-27 വാക്യങ്ങളിൽ വിവരിക്കുന്ന ഉപമവഴി യേശു രണ്ടാമത്തെ ആരോപണം ഖണ്ഡിക്കുന്നു; 28.29 വാക്യങ്ങളിലൂടെ ആദ്യത്തെ ആരോപണത്തിന് മറുപടി നല്കുകയും ചെയ്യുന്നു. കുടുംബാംഗങ്ങൾ യേശുവിനെതിരേ തിരിയുന്നതുപോലെ, മതനേതൃത്വവും അവിടത്തേക്കെതിരേ ആരോപണങ്ങളുമായി വരുന്നു. ഈ രണ്ടു കൂട്ടരും ദൈവഹിതം പാലിക്കാത്തവരാണ് (രള. 3,35).

**3,29: ഒരുകാലത്തും മോചനമില്ല:** ഇതിന് പല വിശദീകരണങ്ങളുണ്ട്: 1. യേശുവിന്റെ പ്രവൃത്തികൾ പിശാചിന്റെ ശക്തിയാലെന്നു പറയുന്ന ഹൃദയകാഠിന്യം; 2. പൂർണ അറിവിലേക്കു നയിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനത്തെ തള്ളിക്കളയുന്നത്; 3. പശ്ചാത്തപിക്കാത്തവരുടെ പാപങ്ങൾ. ഇവിടെ ഊന്നൽ ക്ഷമിക്കപ്പെടാത്ത പാപമല്ല, പശ്ചാത്തപിച്ചാൽ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടും എന്നതാണ്. ദൈവത്തിന്റെ കരുണയ്ക്ക് എത്തിച്ചേരാനാവാത്തവിധം നമ്മെയും ദൈവത്തെയും തമ്മിലകറ്റാൻ ഒരു പാപത്തിനും കഴിയുകയില്ല. പക്ഷേ, പരിശുദ്ധാത്മാവിനെതിരായ പാപം അത്രമാത്രം ഗുരുതരമായിത്തീരുന്നത്, അത് മനുഷ്യരെ പാപപ്പൊറുതി പ്രാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അന്ധരാക്കിത്തീർക്കുന്നതിനാലാണ്.

**3,32: നിന്റെ സഹോദരന്മാരും സഹോദരിമാരും:** 'സഹോദരിമാരും' എന്നത് ചില കൈയെഴുത്തുപ്രതികളിൽ ഇല്ല.

**3,35: ദൈവത്തിന്റെ ഹിതം:** യേശുവിനോട് രക്തബന്ധം ഉണ്ടാകുക എന്നതിനെക്കാൾ പ്രധാനം, അവിടത്തെ പിതാവിന്റെ ഹിതം നിറവേറ്റുകയെന്നതാണ്. **സഹോദരനും സഹോദരിയും അമ്മയും:** യേശു തന്റെ കുടുംബത്തിന്റെ അതിരുകൾ വിസ്തൃതമാക്കുന്നത് തന്റെ അമ്മയെയും രക്തബന്ധത്തിലുള്ളവരെയും ഒഴിവാക്കാനല്ല, തന്റെ ശിഷ്യരെക്കൂടി കുടുംബത്തിൽ ഉൾച്ചേർക്കാനാണ്. ആദിമസഭയിൽ വീടും കുടുംബവും നഷ്ടപ്പെട്ട്, കുടുംബാംഗങ്ങളാൽ തിരസ്കരിക്കപ്പെട്ടവർക്ക് വലിയ സാന്ത്വനം നല്കിയ വചനമാണിത്.

**4,1-34:** ഉപമകളാണ് ഇവിടെ ഉള്ളടക്കം. ദുർഗ്രഹമായ കാര്യങ്ങൾ ജനക്കൂട്ടങ്ങളെ പഠിപ്പിക്കാനാണ് (2,9.12) യേശു ഉപമകൾ ഉപയോഗിച്ചത്.

**4,1: കടൽത്തീരത്തുവച്ച്:** ഗലീലിക്കടലിന്റെ തീരത്തെന്നോ അരികെ കിടന്ന ഒരു വഞ്ചിയിലെന്നോ അർഥമാകാം ഇവിടെ (2,13; 3,7-8). ജനക്കൂട്ടത്തെ പഠിപ്പിക്കുമ്പോൾ ഇത്തരമൊരു പശ്ചാത്തലത്തെക്കുറിച്ചു പറയുന്ന സുവിശേഷകൻ പ്രാർഥനയെക്കുറിച്ചു പറയുമ്പോഴും (6,46) അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കുന്ന വേളയിലും (3,13; 9,2) മലയുടെ പശ്ചാത്തലമാണു നല്കുന്നത്.

**4,2: ഉപമകളിൽ:** രണ്ട് ഉദ്ദേശ്യങ്ങളുള്ള ഒരു പ്രബോധനശൈലി: യേശുവിന്റെ പ്രബോധനങ്ങളോട് നിഷേധാത്മകമായിമാത്രം പ്രതികരിക്കുന്ന അവിശ്വാസികളിൽനിന്നും ഉപമകൾ അവിടത്തെ സന്ദേശം മറച്ചുവയ്ക്കുന്നു; യേശുവിന്റെ സന്ദേശം സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അവിടത്തെ ദൗത്യത്തിന്റെ രഹസ്യം വെളിപ്പെടുത്തിക്കൊടുക്കുകയുംചെയ്യുന്നു.

**4,3-8:** നാലുതരം നിലങ്ങളെക്കുറിച്ചു പറയുന്നതിനാൽ ഇതിനെ 'നിലങ്ങളുടെ ഉപമ' എന്നും വിശേഷിപ്പിക്കുന്നവരുണ്ട്. ഈ ഉപമയുടെ ഓരോ രംഗത്തിലും മണ്ണിന്റെ അവസ്ഥയാണ് യേശുവിനോടുള്ള കേൾവിക്കാരന്റെ പ്രതികരണത്തെ നിർണയിക്കുന്നത്. യേശു ഉപയോഗിക്കുന്ന ഈ പ്രതീകം ഏശ 55,10-13-ൽ പ്രതിപാദിക്കുന്ന ദൈവവചനത്തിന്റെ ഫലദായകശക്തിയെ ഓർമപ്പെടുത്തുന്നു. യേശുവിന്റെ സന്ദേശം വിഭിന്നങ്ങളായ പ്രതികരണങ്ങളാണ് കേൾവിക്കാരിൽ ഉളവാക്കുന്നത്. □മത്താ 13,3-8.

**4,3: കേൾക്കുവിൻ:** ഉപമയുടെ ആരംഭത്തിലുള്ള ഈ പദം അവസാനവും (4,9) ഉപയോഗിച്ചിരിക്കുന്നു. യേശുവിന്റെ പ്രബോധനം ശ്രദ്ധാപൂർവം, ഗൗരവത്തോടെ ശ്രവിക്കണമെന്ന ആഹ്വാനമാണിത്.

**4,4:** ശ്രദ്ധയില്ലാത്ത വിതക്കാരനെയാണ് ഇവിടെ കാണുന്നതെന്നു തോന്നാം. എന്നാൽ, വിതക്കാരനായ ദൈവത്തിന്റെ അതിരില്ലാത്ത ഔദാര്യമാണിവിടെ കാണുന്നത്.

**4,11: ദൈവരാജ്യത്തിന്റെ രഹസ്യം ...:** പ്രബോധകരായും ദൈവികരഹസ്യങ്ങളുടെ കാര്യസ്ഥന്മാരായുമുള്ള ദൗത്യത്തിനായി അവിടന്ന് ശിഷ്യരെ ഒരുക്കുകയാണിവിടെ (മർക്കോ 16,15.20; 1 കോറി 4,1). □മത്താ 13,11.

**4,12: കണ്ടിട്ടും ദർശിക്കാതിരിക്കാനും:** ഏശ 6,9.19-ലെ ഒരു പ്രയോഗം. ഇസ്രായേലിനെ നവീകരിക്കാനുള്ള കർത്താവിന്റെ നിരന്തരശ്രമങ്ങളെ അവഗണിച്ചുകൊണ്ട്, തിന്മയിലും അനീതിയിലും മുഴുകിയിരുന്നവർ പ്രവാചകന്മാരുടെ മുന്നറിയിപ്പുകൾക്കുനേരെ കണ്ണും കാതും അടച്ചുകളഞ്ഞു. ഇസ്രായേലിൽ വിശ്വസ്തരായി അവശേഷിച്ചിരുന്ന ഒരു ചെറിയസമൂഹം ഒഴികേ മറ്റെല്ലാവരും നാശത്തിലേക്കും വിപ്രവാസത്തിലേക്കും പോകുമെന്ന് ഏശയ്യാ പ്രഖ്യാപിക്കുന്നു (ഏശ 6,13). ഏശയ്യായെപ്പോലെ യേശുവും ദുഷ്കർമികളായ ഇസ്രായേലിനോടു പ്രസംഗിക്കുന്നു. **മോചനം പ്രാപിക്കാതിരിക്കാനും:** ക്ലാസിക്കൽ ഗ്രീക്കുഭാഷയിൽ 'ഹീന' എന്നപദം ലക്ഷ്യം സൂചിപ്പിക്കുന്നതാണെങ്കിലും പുതിയനിയമകാലത്തെ കൊയ്നേഗ്രീക്കിൽ അത് ഫലത്തെ സൂചിപ്പിക്കുന്നു (ഉദാ. 3,9; 5,18; 6,2.8.12). അങ്ങനെയെങ്കിൽ ഈ വാക്യം സൂചിപ്പിക്കുന്നത് ഉപമകളുടെ ലക്ഷ്യം എന്തായിരുന്നുവെന്നല്ല പ്രത്യുത, യേശു ഉപമകൾ പറഞ്ഞിട്ട് എന്തു സംഭവിച്ചുവെന്നാണ്.

**4,20: ഫലം പുറപ്പെടുവിക്കുന്നു:** പുതിയനിയമത്തിൽ 'ഫലം' എന്നത് അനുതാപം, മാനസാന്തരം, സത്പ്രവൃത്തികൾ എന്നിവയുടെ പ്രതീകമായി ഉപയോഗിച്ചിരിക്കുന്നു (മത്താ 7,15-20; 21,43; യോഹ 15,2.4.5.8.16; ഗലാ 5,22.23). നഷ്ടം നോക്കാതെ വരാനിരിക്കുന്ന വിളവിൽ പ്രതീക്ഷയർപ്പിച്ച് കർമോത്സുകരാകാനാണ് ഇവിടെ ഉദ്ബോധിപ്പിക്കുന്നത്.

**4,21.22:** യേശുവിന്റെ പ്രബോധനങ്ങളുടെ ലക്ഷ്യത്തെയും പ്രവർത്തനശൈലിയെയും കുറിച്ചുള്ള ഒരു ഉപമയാണിത്. ദൈവരാജ്യത്തിന്റെ രഹസ്യം താത്കാലികമായി ഉപമകൾക്കുപിന്നിൽ മറഞ്ഞിരിക്കുകയാണെങ്കിലും, അതിന്റെ യഥാർഥ അർഥം ക്രമേണ വെളിപ്പെടുകയും പ്രകാശിക്കുകയും ചെയ്യും (ലൂക്ക 12,2).

**4,21: വിളക്ക്:** ദൈവരാജ്യത്തെക്കുറിച്ച് യേശു നല്കിയ വെളിപാടിന്റെ പ്രതീകം. മറ്റു സുവിശേഷങ്ങളിലാകട്ടെ, ആളുകൾ തെളിക്കുന്ന വിളക്കിനെക്കുറിച്ചാണ് പരാമർശം (മത്താ 5,16; ലൂക്കാ 11,33).

**4,26-29:** മർക്കോസിൽമാത്രം കാണുന്ന ഒരു കാർഷിക ഉപമ. വിതയ്ക്കുന്നവനും വിളവെടുക്കുന്നവനും ഒരാൾ തന്നെയാണ്. ധാന്യം വളരുന്നതുപോലെതന്നെ കണ്ണുകൾക്ക് കാണാവുന്ന വിധത്തിൽ ദൈവരാജ്യം വളരുമെങ്കിലും അതിന്റെ വളർച്ചയ്ക്കുപിന്നിൽ പ്രവർത്തിക്കുന്ന ശക്തിയെ നമുക്കു കാണാൻ കഴിയുകയില്ല. ദൈവരാജ്യസംസ്ഥാപനം ദൈവത്തിന്റെ മാത്രം പ്രവൃത്തിയുടെ ഫലവും വിത്തുമുളച്ചു വളർന്ന് കതിർചൂടുന്നതുപോലെ സുനിശ്ചിതമായും സ്വാഭാവികമായും സംഭവിക്കുന്നതുമാണ്. മത്താ 13,33-ലെ പുളിമാവിന്റെ ഉപമയും ഇതേ രഹസ്യാത്മകത തന്നെയാണ് വരച്ചുകാട്ടുന്നത്.

**4,29: അരിവാൾവയ്ക്കുന്നു:** ദൈവത്തിന്റെ വെളിപ്പെടുത്തലിന്റെയും ന്യായവിധിയുടെയും ദിവസം (ജറെ 51,33; ജോയേ 3,13; മത്താ 13,39; വെളി 14,15). യുഗാന്തത്തിൽ ദൈവം വിധി നടത്തുമെന്നതിനാൽ ഫലം പുറപ്പെടുവിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.

**4,30-32:** ഫലങ്ങളിൽ ചെറുതായ കടുകുമണിയും കുറ്റിച്ചെടികളുടെ കുടുംബത്തിലെ ഏറ്റവും വലിയ ഇനമായ കടുകുചെടിയും തമ്മിലുള്ള വലിയ വ്യത്യാസമാണ് കടുകുമണിയുടെ ഉപമയ്ക്കാധാരം. ദൈവരാജ്യം ശിഷ്യന്മാരുടെ വളരെ ചെറിയ കൂട്ടായ്മയായി ആരംഭിച്ച്, ക്രമേണ ലോകവ്യാപകമായി വളരുന്നത് എപ്രകാരമെന്ന് ഇതു വരച്ചുകാട്ടുന്നു. ഇവിടെ യേശു ഉപയോഗിക്കുന്ന പ്രതീകം പുരാതന സാമ്രാജ്യങ്ങളുടെ ആധിപത്യം വിവരിക്കുന്ന പഴയനിയമഭാഗങ്ങളിൽനിന്ന് എടുത്തിട്ടുള്ളതാണ്. ബാബിലോണും (ദാനി 4,10-12) ഈജിപ്തും (എസെ 17,22-24)

ഇസ്രായേലും (എസെ 17,22-24) വൻമരങ്ങളെപ്പോലെ വളരുന്നതായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ദൈവരാജ്യത്തിന്റെ സാർവത്രികസ്വഭാവമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**4,35-5,43:** ഉപമകൾക്കുശേഷം സുവിശേഷകൻ നാല് അദ്ഭുതപ്രവൃത്തികളാണ് വിവരിക്കുന്നത്.

**4,39: അടങ്ങുക; ശാന്തമാവുക:** 1,25-ൽ പിശാചിനെ ശാന്തനാക്കിയതുപോലെയാണ് യേശു വെറുമൊരു വാക്കിനാൽ പ്രക്ഷുബ്ധമായ കടലിനെ ശാന്തമാക്കുന്നത്. കടൽ പൈശാചികശക്തികളുടെ ആവാസകേന്ദ്രമാണെന്ന പൗരാണിക കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ, യേശുവിന്റെ അദ്ഭുതം തിന്മയുടെമേലുള്ള ദൈവികാധികാരം വെളിവാക്കുന്നതാണ്. പഴയനിയമത്തിന്റെ കാഴ്ചപ്പാടനുസരിച്ച് ദൈവത്തിനുമാത്രമാണ് ആർത്തിരമ്പുന്ന കടലിനെ ശാന്തമാക്കാനുള്ള ശക്തിയുള്ളത് (സങ്കീ 89,9; 93,4; 107:28.29). □മത്താ 8,26. കാറ്റിനെയും കടലിനെയും അടക്കിനിറുത്താൻ ശക്തിയുള്ളവൻ എന്ന രീതിയിലാണ് യേശുവിനെ ഈ വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. ക്രിസ്തീയസമൂഹത്തിനാകട്ടെ, എല്ലാ മതമർദ്ദനങ്ങൾക്കു നടുവിലും യേശു സംരക്ഷണം നല്കുന്നുവെന്ന സൂചനയും ഇവിടെയുണ്ട്.

**4,41: ഭയപ്പെട്ടു:** യേശു കൊടുങ്കാറ്റിനെ ശമിപ്പിക്കുമ്പോൾ ശിഷ്യർക്കുണ്ടാകുന്ന ഭയം മഹത്ത്വപൂർണമായ ദൈവസാന്നിധ്യത്തിൽ മനുഷ്യനുണ്ടാകുന്ന വികാരമാണ് പ്രകടിപ്പിക്കുന്നത്. **ഇവൻ ആരാണ്?:** യേശുവിന്റെ ദൈവത്വത്തിലേക്ക് വിരൽചൂണ്ടുന്നതാണ് ഈ ചോദ്യം. പക്ഷേ, ശിഷ്യർ അവിടത്തെ യഥാർഥ സ്വഭാവം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല.

**5,1-20:** പ്രകൃതിയിലെ പൈശാചികശക്തിയുടെമേൽ എന്നതുപോലെ (4,35-41) മനുഷ്യരിലെ പൈശാചികശക്തിയുടെമേലും അധികാരമുള്ളവനാണ് യേശു എന്നു കാണിക്കുന്ന സംഭവം. വിജാതീയരുടെ അശുദ്ധമായ നാട്, അശുദ്ധസ്ഥലമായ ശവകുടീരം, അശുദ്ധാത്മാവ്, അശുദ്ധമൃഗമായ പന്നികൾ എന്നിവയെല്ലാം ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. അശുദ്ധിയുടെ നടുവിലേക്കു വരുന്ന യേശു അശുദ്ധാത്മാക്കളുടെമേലുള്ള തന്റെ ശക്തി പ്രകടമാക്കുന്നു.

**5,1: ഗെരസേനരുടെ നാട്ടിൽ:** പുതിയനിയമകാലത്തെ പലസ്തീനായിലെ ദെക്കാപ്പോളിസ് പ്രവിശ്യയിലുള്ള പത്ത് പട്ടണങ്ങളിലൊന്നായിരുന്നു ഗെരസാ. ഇവിടത്തെ നിവാസികളിൽ ഭൂരിഭാഗവും വിജാതീയരായിരുന്നു. ജോർദാന്റെ കിഴക്കോട്ടാണ് അവരിലധികം പേരും താമസിച്ചിരുന്നത്. 5,11-ലെ പന്നികളെക്കുറിച്ചുള്ള പ്രതിപാദനം ഈ വിജാതീയ പശ്ചാത്തലം വ്യക്തമാക്കുന്നു. കാരണം, യഹൂദർക്ക് ദൈവം അശുദ്ധമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മൃഗങ്ങളുമായി സമ്പർക്കമില്ലായിരുന്നു (ലേവ്യ 11,7.8).

**5,2-6:** അശുദ്ധാത്മാക്കൾ കീഴടക്കിയ ഈ മനുഷ്യനെ സമൂഹം ബഹിഷ്കരിച്ചിരുന്നു. യേശുവിന്റെ മുമ്പിലുള്ള ഇയാളുടെ കീഴടങ്ങൽ യേശുവിന് അശുദ്ധാത്മാക്കളുടെമേലുള്ള അധികാരമാണ് പ്രകടമാക്കുന്നത്.

**5,2: ശവകുടീരങ്ങൾക്കിടയിൽനിന്ന്:** ദൈവത്തെ ഉപേക്ഷിച്ച് വിജാതീയ ദേവന്മാരുടെ പിന്നാലെ പോയ ഇസ്രായേലിനെ ഏശയ്യാ വരച്ചുകാട്ടുന്ന ചിത്രത്തിനു (ഏശ 65,4.5) സമാനമായ വിവരണമാണിത്.

**5,6: താണുവണങ്ങി:** ദൈവത്തിന്റെ രാജകീയ ശക്തിക്കുമുന്നിൽ സാമ്രാജ്യശക്തി കീഴടങ്ങുന്നതിന്റെ അടയാളമായി ഇതിനെ കാണാം.

**5,7: എന്റെ കാര്യത്തിൽ എന്തിനിടപെടുന്നു?:** □മർക്കോ 1,24; യോഹ 2,4.

**5,9: എന്റെ പേര് ലെഗിയോൻ:** 6000-ത്തോളം ഭടന്മാരടങ്ങിയ ഒരു റോമൻ സൈന്യവ്യൂഹത്തെ വിളിക്കുന്ന പേര്. അസംഖ്യം അശുദ്ധാത്മാക്കൾ അയാളെ ബാധിച്ചിരുന്നുവെന്നും അതുകൊണ്ട് അയാളുടെ അവസ്ഥ ഏറെ പരിതാപകരമായിരുന്നുവെന്നും കാണാം. □മത്താ 12,45. റോമൻ പട്ടാളത്തിന്റെ അധിനിവേശം എത്ര ശക്തമായിരുന്നുവെന്നും അതിനുകീഴിൽ പലസ്തീനയിലുള്ളവരുടെ സ്ഥിതി എത്ര ദയനീയമായിരുന്നെന്നും ഇത് പരോക്ഷമായി സൂചിപ്പിക്കുന്നുണ്ട്. □ലൂക്കാ 8,30.

**5,13: കടലിൽ മുങ്ങിച്ചത്തു:** അപ്പൊക്കലിപ്റ്റിക് പാരമ്പര്യമനുസരിച്ച് ദൈവജനത്തെ പീഡിപ്പിക്കുന്ന തിന്മയുടെ ശക്തികൾ ഉഗ്രമൃഗങ്ങളുടെ രൂപത്തിൽ കടലിൽനിന്നാണ് കയറിവരുന്നത് (ദാനി 7:1-3; വെളി 13,1). ഇവിടെ പിശാചുബാധിച്ച പന്നികളെ കടലിലേക്ക് തിരിച്ചയയ്ക്കുന്ന

തുവഴി യേശു പിശാചിനെ വിപരീതദിശയിലേക്ക് തിരിച്ചയയ്ക്കുന്നു. ഫറവോയുടെ സൈന്യത്തെപ്പോലെ ദൈവത്തിന്റെ ശത്രുക്കൾ വെള്ളത്തിൽ അപ്രത്യക്ഷമാകുന്നു (പുറ 14,26-28; 15,1). പന്നികൾ കടലിൽചാടുന്നത്, ആ ദേശം യേശു ശുദ്ധമാക്കി എന്നതിന്റെ അടയാളമാണ്.

**5,15: വസ്ത്രം ധരിച്ച്:** സാമൂഹ്യവ്യവസ്ഥിതികൾക്കു പുറത്തായിരുന്ന വ്യക്തി സമൂഹത്തിലേക്കു തിരികെവന്നുവെന്ന് ഇത് അർഥമാക്കുന്നു.

**5,18: അവനോടുകൂടെ പോകാൻ:** അവന്റെ സൗഖ്യം പൂർണമാണെന്ന് ഈ അഭ്യർഥന കാണിക്കുന്നു. ശിഷ്യരെ എന്തിനുവേണ്ടി യേശു തിരഞ്ഞെടുത്തുവോ (3,14) അതിനുവേണ്ടിത്തന്നെയാണ് അവനും അപേക്ഷിക്കുന്നത്.

**5,19: നീ വീട്ടിൽ ...:** സ്വന്തക്കാരുടെ അരികിൽചെന്ന് ദൈവം അവന് എന്താണ് ചെയ്തുകൊടുത്തതെന്ന് പറയാൻ യേശു ആവശ്യപ്പെടുന്നു. അതായത്, സദ്വാർത്ത അവന്റെ വിജാതീയ കുടുംബത്തിൽ പ്രഘോഷിക്കാനാണ് യേശു ആവശ്യപ്പെടുന്നത് (1,14.39; 3,14; 13.10). **കർത്താവു നിനക്കുവേണ്ടി ചെയ്തത്:** ഈ പ്രസ്താവന യേശുവിന്റെ ദൈവത്വത്തിലേക്കു വിരൽചൂണ്ടുന്നു (2,28; 11,3; 12,37). ലൂക്കാ 8,39-ലെ സമാന്തരഭാഗത്ത് 'ദൈവം' എന്ന് ഉപയോഗിച്ചിരിക്കുന്നു.

**5,21–43:** പരസ്പരം ബന്ധപ്പെട്ട ഈ രണ്ട് അദ്ഭുത വിവരണങ്ങൾ ശാരീരികാസ്വാസ്ഥ്യങ്ങൾക്കുമേലുള്ള യേശുവിന്റെ ശക്തിയും (5,29.42) വിശ്വസിക്കുന്നവരോടുള്ള അവിടത്തെ അനുഭാവപൂർണമായ പ്രതികരണവും വെളിവാക്കുന്നു (5,23.34.36). രക്തസ്രാവക്കാരിയുടെ രോഗകാലവും ജായ്റോസിന്റെ മകളുടെ പ്രായവും പന്ത്രണ്ടുവർഷമാണ് (5,25; 5,42). ജായ്റോസിന്റെ മകളെ ജീവനിലേക്ക് കൈപിടിച്ചുയർത്തുന്ന വിവരണത്തിനിടയ്ക്ക് (21-24,35-43) രക്തസ്രാവക്കാരിയായ സ്ത്രീക്ക് രോഗശാന്തി ലഭിക്കുന്ന സംഭവം ഉൾപ്പെടുത്തിയിരിക്കുന്നു (25-34). രണ്ടു സംഭവങ്ങൾ ഈ ശൈലിയിൽ മർക്കോസ് പലതവണ വിവരിക്കുന്നുണ്ട്: മർക്കോ 3,19യ-21 (22-30) 31-35; 6,7-13 (14-29) 30; 11,12-14 (15-19) 20-25; 14,54 (55-65) 66-73.

**5,22: ജായ്റോസ്:** 'അവൻ (ദൈവം) പ്രകാശിപ്പിക്കും' എന്നർഥം. സിനഗോഗിന്റെ സാമൂഹികവും ഭൗതികവുമായ കാര്യങ്ങളുടെ നടത്തിപ്പിനു ചുമതലപ്പെട്ടയാൾ.

**5,23: അവളുടെമേൽ കൈകൾവയ്ക്കണമേ:** രോഗസൗഖ്യത്തിനായി യേശു ഇങ്ങനെ കൈകൾവച്ച് പ്രാർഥിക്കുന്നതായി മർക്കോസ് പല സന്ദർഭങ്ങളിലും വിവരിക്കുന്നുണ്ട് (6,5; 7,32-35; 8,23-25; 16,18; മത്താ 9,18; ലൂക്കാ 4,40; 13,13; അപ്പ 9,17; 28,8).

**5,25: രക്തസ്രാവം:** ഒരു സ്ത്രീയെയും അവൾ സ്പർശിക്കുന്ന എല്ലാറ്റിനെയും നൈയാമികമായി അശുദ്ധമാക്കുന്ന ഒരു ശാരീരിക അവസ്ഥ (ലേവ്യ 15,25-30). ഇസ്രായേലിന്റെ ഉടമ്പടിജീവിതത്തിലുള്ള പൂർണപങ്കാളിത്തത്തിൽനിന്നും ഇത് അവളെ മാറ്റിനിർത്തുന്നു. □ലൂക്കാ 8,43; മർക്കോ 1,40.

**5,26:** യേശുവിന്റെ അടുക്കൽ വരുമ്പോൾ അവൾ സമൂഹത്തിൽനിന്ന് ബഹിഷ്കൃതയായിരുന്നുവെന്നു മാത്രമല്ല, സാമ്പത്തികമായും പരിതാപകരമായ അവസ്ഥയിലായിരുന്നു. ചികിത്സകർ അവളെ ചൂഷണം ചെയ്തിരുന്നു എന്ന ധ്വനിയും ഇവിടെയുണ്ട്.

**5,29:** വൈദ്യന്മാരും യേശുവും തമ്മിലുള്ള വ്യത്യാസം സുവിശേഷകൻ ഇവിടെ വ്യക്തമാക്കുന്നു. വൈദ്യന്മാർവഴി സുഖംപ്രാപിക്കാത്ത അവൾ യേശുവിൽനിന്നു ശക്തിപുറപ്പെട്ട് ഉടൻതന്നെ സൗഖ്യപ്പെടുന്നു.

**5,34: സമാധാനത്തിൽ:** 'ഷാലോം' എന്ന ഹീബ്രു മൂലരൂപം സമഗ്രമായ സന്തോഷവും ജീവിതസൗഭാഗ്യവും അർഥമാക്കുന്നു (ഉദാ. ഉത്പ 29,6; ഏശ 66,12; 1 തെ 5,23).

**5,35:** ജായ്റോസിന്റെ വിശ്വാസം രണ്ടു തലങ്ങളിലായി പരീക്ഷിക്കപ്പെടുന്നു. ജായ്റോസിന്റെ മകളെ കർത്താവുവന്ന് കൈകൾവച്ചു സുഖപ്പെടുത്തുമെന്ന് കരുതിയെങ്കിലും അവൾ മരിച്ചതായി അയാൾ പിന്നീട് അറിയുന്നു. കൂടാതെ, അവൾ ജീവനിലേക്ക് മടങ്ങിവരുമെന്ന വിശ്വാസമുണ്ടെങ്കിലും അങ്ങനെ വിശ്വസിക്കാൻ സന്നദ്ധരാകാത്തവരുടെ നടുവിലാണ് അയാൾ.

**5,36: വിശ്വസിക്കുകമാത്രം ചെയ്യുക:** യുക്തിയുടെ പിൻബലത്തിലുള്ള ജായ്റോസിന്റെ വിശ്വാസം കലർപ്പില്ലാത്തതും സമ്പൂർണവുമായ സമർപ്പണത്തിന്റെ വിശ്വാസമാക്കാൻ യേശു ആവശ്യപ്പെടുന്നു.

**5,37: പത്രോസും യാക്കോബും ... യോഹന്നാനും:** രൂപാന്തരീകരണവേളയിലും (9,2) ഗത്സെമനിയിലും (14,33) ഇവർ യേശുവിനോടൊപ്പമുണ്ടായിരുന്നു. ഇവർതന്നെയാണ് പുതിയ പേരു ലഭിച്ച മൂന്ന് അപ്പസ്തോലന്മാർ. പാറ എന്നർഥംവരുന്ന പത്രോസ് എന്ന് ശിമയോനും ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നർഥംവരുന്ന ബൊവനെർഗെസ് എന്ന് യാക്കോബിനും യോഹന്നാനും അവിടന്നു പേരു നല്കുന്നുണ്ട് (3,16-17).

**5,38: ഉച്ചത്തിലുള്ള അലമുറയും:** മരണവീടുകളിൽ കൂലിക്കെത്തുന്ന വിലാപക്കാർ ശോകഗാനങ്ങൾ പാടാനും കുഴലൂതാനും നിലവിളിക്കാനും തുടങ്ങി (ജറെ 9,17; ആമോ 5,16).

**5,39: കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുകയാണ്:** പുതിയ നിയമത്തിൽ പൊതുവേ മരണത്തെ ഉറക്കത്തോടാണ് സാദൃശ്യപ്പെടുത്തുന്നത് (മത്താ 27,52; യോഹ 11,11; 1 കോറി 15,6; 1 തെ 7,13-15). □മത്താ 9,24.

**5,41: തലീത്താ കും:** മർക്കോസ് ഉപയോഗിക്കുന്ന അരമായ പദപ്രയോഗങ്ങളിലൊന്ന് (7,11.34; 14,36; 15,22.34). റോമായിലുള്ള യഹൂദരല്ലാത്ത വായനക്കാർക്കായി മർക്കോസ് ഈ പദപ്രയോഗങ്ങളെല്ലാം വിവർത്തനം ചെയ്യുന്നു. **എഴുന്നേല്ക്കുക:** ഇവിടെ ഗ്രീക്കുഭാഷയിൽ ഉപയോഗിച്ചിട്ടുള്ള ക്രിയതന്നെയാണ് യേശുവിന്റെ ഉത്ഥാനത്തെ സൂചിപ്പിക്കാനും ഉപയോഗിക്കുന്നത് (16:6; മത്താ 28,6; ലൂക്കാ 24,6). പഴയനിയമത്തിലെ സമാനവിവരണങ്ങളിൽനിന്നുള്ള വ്യത്യാസം ഇവിടെ വ്യക്തമാണ്. ഏലിയാ പ്രവാചകനും (1 രാജാ 17,19-20) എലീഷാ പ്രവാചകനും (2 രാജാ 4,32) കുട്ടികളെ ഉയിർപ്പിക്കാൻ ദീർഘനേരം പ്രാർഥിക്കുന്നെങ്കിൽ, യേശു ഒറ്റ വാക്കിൽ തന്റെ ശക്തി പ്രകടിപ്പിക്കുന്നു.

**6,1: സ്വദേശത്ത്:** യേശു വളർന്ന ഗലീലിയിലെ ഗ്രാമമായ നസറത്ത് (1,9; മത്തായി 2,23; ലൂക്കാ 4.16.23-24).

**6,3: മരപ്പണിക്കാരനല്ലേ?:** മറ്റൊരു സുവിശേഷത്തിലും യേശുവിനെ മരപ്പണിക്കാരനെന്നു വിശേഷിപ്പിക്കുന്നില്ല. ചില കൈയെഴുത്തുപ്രതികളിൽ മരപ്പണിക്കാരന്റെ മകനെന്നു പറയുന്നുണ്ട് (മത്താ 13,55). **മറിയത്തിന്റെ മകൻ:** യഹൂദപാരമ്പര്യമനുസരിച്ച് മകൻ പിതാവിന്റെ പേരിലാണറിയപ്പെടുക. എന്നാൽ യേശുവിന്റെ പിതാവ് ദൈവമാണെന്ന രീതിയിലാവാം ഈ വിവരണം (1,1.11; 8,38; 13,32; 14,36). **സഹോദരൻ:** സെമിറ്റിക് ശൈലിയനുസരിച്ച് സഹോദരൻ, സഹോദരി എന്ന വിശേഷണം ഒരേ മാതാപിതാക്കൾക്കു പിറന്നവർക്കു മാത്രമല്ല മരുമകൻ, മരുമകൾ, അർദ്ധസഹോദരൻ, അർധസഹോദരി തുടങ്ങിയവരെ സൂചിപ്പിക്കാനും ഉപയോഗിക്കാറുണ്ട് (ഉത്പ 14,16; 29,15; ലേവ്യ 10,4).

**6,4: അവമതിക്കപ്പെടുന്നില്ല:** ഇസ്രായേലിൽ പ്രയോഗത്തിലുണ്ടായിരുന്ന ഒരു പഴഞ്ചൊല്ല് യേശു ഉപയോഗിക്കുന്നു. പഴയനിയമപ്രവാചകന്മാരെപ്പോലെ യേശുവും കർത്താവിന്റെ വചനം പ്രസംഗിച്ചതുനിമിത്തം അവമതിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു (മത്താ 5,11.12; ഹെബ്രാ 11,32-38). ബന്ധുജനങ്ങളുടെയിടയിലും സ്വദേശത്തും യേശു അവഗണിക്കപ്പെടുന്നത് പിന്നീട് ഇസ്രായേൽതന്നെ അവിടത്തെ തള്ളിപ്പറയുന്നതിന്റെ സൂചനയായി കാണാം (3,21). **പ്രവാചകൻ:** സുവിശേഷങ്ങളിൽ പൊതുവേ യേശു 'പ്രവാചകൻ' എന്ന് വിളിക്കപ്പെടുന്നുണ്ട് (മത്താ 21,11; ലൂക്കാ 7,16; 13,33; 24,19; യോഹ 4,19).

**6,5: മറ്റ് അത്ഭുതമൊന്നും പ്രവർത്തിക്കാൻ അവന് കഴിഞ്ഞില്ല:** ഒരാൾക്ക് വിശ്വാസമില്ലെങ്കിൽ യേശുവിന്റെ ശക്തി പ്രകടമാകുകയില്ലെന്നാണ് ഈ വിവരണത്തിലെ സൂചന.

**6,7-13:** രണ്ടുപേർ വീതമായി പന്ത്രണ്ടു ശിഷ്യന്മാരെ യേശു ഗലീലിയിലെ പട്ടണങ്ങളിലേക്ക് അയയ്ക്കുന്നു (മത്താ 10,5.6). അശുദ്ധാത്മാക്കളെ പുറത്താക്കാനും രോഗികളെ സുഖപ്പെടുത്താനും വചനം പ്രഘോഷിക്കാനുമുള്ള അവരുടെ ശുശ്രൂഷകളിൽ യേശുവിന്റെ അധികാരമാണ് അവർക്കു കരുത്തുപകരുന്നത് (മത്താ 10,1).

**6,7: രണ്ടുപേരെവീതം:** നിയ 19,15 അനുസരിച്ച് ഒരു കാര്യം സത്യമായി അംഗീകരിക്കപ്പെടാൻ രണ്ടുപേരുടെ സാക്ഷ്യം ആവശ്യമായിരുന്നതിനാലാകാം രണ്ടുപേർ വീതം അയയ്ക്കപ്പെടുന്നത്.

**6,8.9:** മർക്കോസിന്റെ സുവിശേഷത്തിൽ വിജാതീയരുടെ പ്രദേശങ്ങളിലോ സമരിയാക്കാരുടെ പട്ടണങ്ങളിലോ പ്രവേശിക്കാൻ നിരോധനമൊന്നുമുള്ളതായി പറയുന്നില്ല. **യാത്രയ്ക്ക് വടിയും ചെരിപ്പും:** ഇവ ഉപയോഗിക്കാമെന്ന് മർക്കോസിന്റെ സുവിശേഷത്തിൽ മാത്രമാണു

ള്ളത് (രള. മത്താ 10,10; ലൂക്കാ 10,4). 'യാത്രയ്ക്ക്' എന്നു പറയുന്നിടത്ത് ഉപയോഗിച്ചിരിക്കുന്ന 'ഹൊഡോസ്' (വഴി) എന്ന പദം മർക്കോസിൽ 'ശിഷ്യത്വത്തിന്റെ വഴി'യും സൂചിപ്പിക്കുന്നു. 'വടി' പഴയനിയമത്തിൽ അധികാരത്തിന്റെയും ശക്തിയുടെയും അടയാളമാണ് (പുറ 4,20; 7,9 –20; 1 രാജാ 4,29–37). **സഞ്ചിയോ അരപ്പട്ടയിൽ ...:** ഇന്നത്തെ ആവശ്യത്തിനുള്ളതാണ് അപ്പം. നാളത്തേക്കുള്ള ഭക്ഷണസാധനങ്ങൾ കൊണ്ടുപോകുന്നതിനാകാം സഞ്ചി. പണസഞ്ചിയായി ഉപയോഗിക്കുന്ന വീതിയുള്ള അരപ്പട്ടയാകാം ഇവിടെ ഉദ്ദേശിക്കുന്നത്. **രണ്ട് ഉടുപ്പുകൾ:** രണ്ടാമത്തെ ഉടുപ്പ് മേലങ്കിയാകാം ഉദ്ദേശിക്കുന്നത്. രാത്രികാലങ്ങളിൽ തണുപ്പിൽനിന്നു രക്ഷപ്പെടാനാണ് അവർ മേലങ്കി ധരിച്ചിരുന്നത്.

**6,10: ആ വീട്ടിൽ താമസിക്കുവിൻ:** പ്രേഷിതർ വീടുമാറുന്നതും ഒരു വീട്ടിൽ അനാവശ്യമായി കൂടുതൽ നാൾ താമസിക്കുന്നതും ആദിമസഭയിൽ അലോസരമുണ്ടാക്കിയിരുന്നുവെന്ന് ഡിഡാഖേ 11,4.5 സൂചിപ്പിക്കുന്നുണ്ട്.

**6,11: പൊടി തട്ടിക്കളയുവിൻ:** അപ്പസ്തോലന്മാരുടെ പ്രബോധനം അവഗണിക്കുന്നവരുടെ മേൽ വരാനിരിക്കുന്ന വിധിയുടെ പ്രതീകം. അന്നാളുകളിൽ വിജാതീയപ്രദേശങ്ങളിൽനിന്നു തിരിച്ചുവരുമ്പോൾ ഇസ്രായേലിന്റെ അതിർത്തിയിൽവച്ച് യഹൂദർ കാലിലെ അശുദ്ധമായ പൊടി തട്ടിക്കളയുമായിരുന്നു. അനുതപിക്കാനുള്ള ആഹ്വാനം ചെവിക്കൊള്ളാത്തവർക്കുള്ള സാക്ഷ്യത്തിനായിട്ടാണ് കാലിലെ പൊടിതട്ടിക്കളയാൻ യേശു നിർദേശിക്കുന്നത്.

**6,12.13:** യേശുവിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള സംക്ഷിപ്തവിവരണങ്ങളിൽ (1,14.15; 1,32–34; 1,39) യേശു ചെയ്തതായി കാണുന്ന മൂന്നു കാര്യങ്ങൾതന്നെയാണ് ശിഷ്യർ ചെയ്യുന്നതായി ഇവിടെ പറയുന്നത്.

**6,13: തൈലംപൂശി സുഖപ്പെടുത്തി:** രോഗസൗഖ്യത്തിന്റെ പ്രതീകവും ഔഷധഗുണസമ്പന്നവുമായി പൗരാണികർ തൈലത്തെ കരുതിയിരുന്നു (ഏശ 1,6; ലൂക്കാ 10,34). ഇവിടെയാകട്ടെ, ദൈവികശക്തി പ്രകടമാകാനുള്ള ഒരു മാധ്യമം.

**6,14–29:** യോഹന്നാന്റെ ശിരച്ഛേദം യേശുവിന്റെ മരണത്തിന്റെയും (9,12; 10,32–34) ആദിമസഭയിലെ വിശ്വാസികളുടെ രക്തസാക്ഷിത്വത്തിന്റെയും (വെളി 20,4) മുന്നോടിയാണ്. സ്നാപകയോഹന്നാൻ തടവിലാക്കപ്പെടുന്നതും വധിക്കപ്പെടുന്നതുമായ മർക്കോസിന്റെ വിവരണത്തോടു സാദൃശ്യമുള്ളതാണ് യേശുവിന്റെ പീഡാനുഭവവിവരണം (15,1-47). ഹേറോദേസും പീലാത്തോസും തങ്ങളാൽ വധശിക്ഷ നല്കപ്പെട്ടവരുടെ വിശുദ്ധിയെക്കുറിച്ച് ബോധ്യമുള്ളവരായിരുന്നു (26.27; 15,9.10.14.15) ഹേറോദിയായ്ക്ക് സ്നാപകയോഹന്നാനോടുള്ള വിരോധത്തിനു സമാനമാണ് യേശുവിനോട് യഹൂദനേതാക്കൾക്കുള്ള ശത്രുതതയും. സ്നാപകയോഹന്നാനും യേശുവും വധിക്കപ്പെട്ടതിനുശേഷം ആദരത്തോടെയുള്ള സംസ്കാരത്തിനായി ബന്ധപ്പെട്ടവർ അധികൃതരെ സമീപിക്കുന്നുണ്ട് (29,15.45.46). യോഹന്നാന്റെ ശിരച്ഛേദത്തെക്കുറിച്ചുള്ള കഥ ശിഷ്യന്മാർ പ്രേഷിതപ്രവർത്തനത്തിനു പോകുന്നതിനും (6,7-13) തിരിച്ചുവരുന്നതിനുമിടയ്ക്ക് (6,30) അവതരിപ്പിക്കുന്നതിലൂടെ യേശുവിന്റെയും അവിടത്തെ മുന്നോടിയുടെയും ശിഷ്യരുടെയുമെല്ലാം മരണത്തിന്റെ സമാനതകളിലേക്ക് സുവിശേഷകൻ വിരൽചൂണ്ടുന്നു.

**6,14: ഹേറോദേസ് രാജാവ്:** 'സാമന്തരാജാവ്' എന്നത് യഥാർഥത്തിലുള്ള രാജപദവിയല്ലെങ്കിലും ജനങ്ങൾ അദ്ദേഹത്തെ രാജാവെന്ന് വിളിച്ചിരുന്നതിനാലാകാം മർക്കോസ് 'ഹേറോദേസ് രാജാവ്' എന്നു രേഖപ്പെടുത്തിയിരിക്കുന്നത് (മത്താ 14,9). □മത്താ 14,1; ലൂക്കാ 3,1.

**6,18: സഹോദരന്റെ ഭാര്യയെ:** തന്റെ അർദ്ധസഹോദരൻ ഫിലിപ്പിന്റെ ഭാര്യയായ ഹേറോദിയായുമായുള്ള അവിഹിതബന്ധത്തെ പരസ്യമായി എതിർത്തതിനാലാണ് ഹേറോദേസ് അന്തിപ്പാസ് സ്നാപകയോഹന്നാനെ ബന്ധനസ്ഥനാക്കുന്നതും വധിക്കുന്നതും. ഒരാൾ ജീവിച്ചിരിക്കുമ്പോൾ അയാളുടെ ഭാര്യയെ സഹോദരൻ സ്വന്തമാക്കുന്നത് മോശയുടെ നിയമം വിലക്കുന്നുണ്ട് (ലേവ്യ 18,16; 20,21). □മത്താ 14,4.

**6,19: ഹേറോദിയാ:** ഏലിയാപ്രവാചകനെ വേട്ടയാടിയ ജസബെൽ രാജ്ഞിയുടേതുമായി (1 രാജാ 21) ഹേറോദിയായുടെ വിവരണത്തിനു സാമ്യമുണ്ട്. □മത്താ 14,3.

**6,23: നീ എന്തുതന്നെ ചോദിച്ചാലും:** ഹേറോദേസിന്റെ ശപഥം എസ്തേ 5–7-ൽ വിവരിച്ചിരിക്കുന്ന വിരുന്നുരംഗം ഓർമപ്പെടുത്തുന്നു. നീതിനിഷ്ഠയായ എസ്തേർ യഹൂദരെ രക്ഷിക്കാൻ

ആവശ്യപ്പെട്ടെങ്കിൽ, ദുഷ്ടയായ ഹേറോദിയാ നീതിമാനായ ഒരു യഹൂദനെ വധിക്കാനാണ് ആവശ്യപ്പെടുന്നത്.

**6,26: അതീവം ദു:ഖിതനായി:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'പെരിലുപ്പോസ്' എന്ന ഗ്രീക്കു പദം ഗത്സെമനിയിൽ യേശുവിന്റെ ദുഃഖം സൂചിപ്പിക്കാനും (14,34) മർക്കോസ് ഉപയോഗിക്കുന്നു. വീണ്ടുവിചാരമില്ലാത്ത ശപഥത്തിന്റെ മറ്റൊരു ഉദാഹരണമാണ് ന്യായാധിപനായ ജഫ്ത (ന്യായാ 11,29-40). തെറ്റിൽനിന്നു പിൻവാങ്ങാൻ ദാവീദ് ശപഥത്തിൽനിന്നു പിൻവാങ്ങുന്നുണ്ട് (1 രാജാ 25,2-39). ഹേറോദേസാകട്ടെ, നീതിപൂർവകമായ കുറ്റവിചാരണയെക്കാളും സ്നാപകന്റെ ജീവനെക്കാളും തന്റെ പ്രതാപത്തിന് പ്രാധാന്യം നല്കി.

**6,30: അപ്പസ്തോലന്മാർ:** ഇവിടെയും ചില കൈയെഴുത്തുപ്രതികളിലും (3,14) മർക്കോസ് 'അപ്പസ്തോലന്മാർ' എന്ന പദപ്രയോഗം നടത്തുന്നുണ്ട്. ശിഷ്യർ തിരച്ചുവന്ന് തങ്ങൾ പഠിപ്പിച്ചതും പ്രവർത്തിച്ചതും യേശുവിനെ ധരിപ്പിക്കുന്നത് അപ്പസ്തോലിക ദൗത്യത്തിന്റെ ഉറവിടം യേശുവാണെന്നു വ്യക്തമാക്കുന്നു.

**6,31-34:** യേശു ശിഷ്യന്മാരോടൊപ്പം വിശ്രമിക്കാനായി ഒരു വിജനപ്രദേശത്തേക്കു പിൻവാങ്ങിയതോടെ അനേകമാളുകൾ അവരെ അനുഗമിച്ചു. പുതിയ പുറപ്പാടിന് സന്നദ്ധരായ ഈ ജനക്കൂട്ടത്തോടാണ് അവിടത്തേക്ക് അനുകമ്പ തോന്നുന്നത്.

**6,34: ഇടയനില്ലാത്ത ആടുകളെപ്പോലെ:** ഇസ്രായേലിൽ ആത്മീയനേതൃത്വത്തിന്റെ അഭാവത്തെ സൂചിപ്പിക്കുന്ന രൂപകം (സംഖ്യ 27,17; 1 രാജാ 22,17; യൂദി 11,19; ജറെ 23,1-3; സഖ 10,2). തന്റെ ആടുകളുടെ ഇടയനായി മിശിഹായിലൂടെ അവയെ നയിക്കുമെന്ന് ദൈവംതന്നെ വാഗ്ദാനം ചെയ്തു (എസ്രാ 34,23; യോഹ 10,11-16).

**6,35-44:** അന്തിപ്പാസിന്റെ കൊട്ടാരത്തിലെ പ്രമാണികൾക്ക് ഒരുക്കിയ വലിയ വിരുന്നിൽനിന്നു വ്യത്യസ്തമാണ് ഗലീലിക്കടൽത്തീരത്ത് യേശു ഒരുക്കിയ ലളിതമായ വിരുന്ന്. അപ്പവും മീനും വർധിപ്പിക്കുന്ന രണ്ടു വിവരണങ്ങൾ മർക്കോസിലും മത്തായിയിലും ഒരു വിവരണം ലൂക്കായിലും യോഹന്നാനിലുമുണ്ട്. മരുഭൂമിയിൽ ഇസ്രായേലിന് ദൈവം മന്നാപൊഴിക്കുന്നതും (പുറ 16; നിയ 8,3-16, സങ്കീ 78,24.25; 105,40; ജ്ഞാനം 16,20-21) എലീഷാ അപ്പം വർധിപ്പിക്കുന്നതും മിച്ചമുള്ള കഷണങ്ങൾ കുട്ടയിൽ ശേഖരിക്കുന്നതും (2 രാജാ 4,42-44) ഇത് ഓർമിപ്പിക്കുന്നു. കൂടാതെ, കുർബാനസ്ഥാപനത്തെയും ഇതു സൂചിപ്പിക്കുന്നുണ്ട്. രണ്ടിടത്തും എടുത്ത്, വാഴ്ത്തി, മുറിച്ച്, ഏല്പിച്ചു എന്നീ ക്രിയകളുടെ ക്രമം ആവർത്തിക്കപ്പെടുന്നു (14,22). ആദിമസഭയിലെ അപ്പംമുറിക്കൽ ശുശ്രൂഷയുടെ സ്വാധീനം ഇവിടെ കാണാം.

**6,37: ഇരുന്നൂറ് ദനാറ:** ഒരു ദനാറ ഒരു ദിവസത്തെ കൂലിക്കു തുല്യമാണ്. ജനക്കൂട്ടത്തിനുമുഴുവൻ ഭക്ഷണം നല്കണമെങ്കിൽ ഒരുവർഷത്തെ കൂലിയുടെ പകുതിയിലധികവും ആവശ്യമായി വരും. **നിങ്ങൾതന്നെ ഭക്ഷിക്കാൻ കൊടുക്കുവിൻ:** യാത്രയ്ക്ക് ഒന്നും കരുതരുതെന്ന് ശിഷ്യരോടു നിർദേശിച്ച യേശു ജനത്തിന് ഭക്ഷണം കൊടുക്കാൻ പറയുന്നത് ദൈവത്തിൽ പൂർണമായി ആശ്രയിക്കണമെന്ന് ശിഷ്യരെ പഠിപ്പിക്കാനാണ്.

**6,38: എത്ര അപ്പമുണ്ട്?:** ശിഷ്യരുടെ കൈയിലെ ശുഷ്കമായ വിഭവങ്ങളിലൂടെ ദൈവം അദ്ഭുതം പ്രവർത്തിക്കുന്നു. കൊടുക്കാൻ കല്പിച്ചവൻതന്നെ കൈനിറയെ നല്കുന്നു.

**6,40: നൂറും അൻപതും വീതമുള്ള പന്തികളായി:** ഈ ക്രമം മരുഭൂമിയിൽ ഇസ്രായേൽജനം തമ്പടിച്ച രീതിയിലാണ് (പുറ 18,21-25). തരിശുനിലം അജഗണങ്ങൾക്ക് സമൃദ്ധമായി പുല്ല് തിന്നാൻ കഴിയുംവിധത്തിലുള്ള മേച്ചിൽപ്പുറങ്ങളായി മാറുമെന്ന പ്രവചനവും ശ്രദ്ധേയമാണ് (എസ 34,25-26).

**6,41: വാഴ്ത്തി:** യഹൂദർ ഭക്ഷണത്തിനുമുമ്പ് ദൈവത്തെ സ്തുതിച്ചിരുന്നു. **ശിഷ്യന്മാരെ ഏല്പിച്ചു:** അപ്പസ്തോലന്മാരുടെ കരങ്ങളിലൂടെ അപ്പം വിതരണംചെയ്യപ്പെടുന്നു. **രണ്ടു മീനും:** ആദിമസഭയിലെ അപ്പംമുറിക്കൽ ശുശ്രൂഷയിൽ മത്സ്യവും ഉപയോഗിച്ചിരുന്നതിന്റെ സൂചനയാകാം ഇത്. 4 എസ്ര 6,52, ബാറൂക്കിന്റെ വെളിപാട് 29,4 എന്നിവയനുസരിച്ച് മെസിയാനിക വിരുന്നിലെ വിഭവങ്ങളാണ് മത്സ്യങ്ങളും.

**6,43: അപ്പക്കഷണങ്ങളും:** 'ക്ലാസ്മാറ്റ' എന്ന ഗ്രീക്കുപദം ഡിഡാക്കേയിൽ കുർബാനയുടെ പശ്ചാത്തലത്തിൽ ഉപയോഗിച്ചിരിക്കുന്നുവെന്നത് ഈ അദ്ഭുതവും കുർബാനയും തമ്മിലുള്ള ബന്ധം കാണിക്കുന്നു.

**6,45: മറുകരയിലുള്ള ബേത്സയ്ദാ:** ഗലീലിക്കടലിന്റെ വടക്കുകിഴക്കൻ തീരത്തുള്ള ഗ്രാമം. പത്രോസിന്റെയും അന്ത്രയോസിന്റെയും ഫിലിപ്പിന്റെയും ജന്മനാടാണിത് (യോഹ 1,44; 12,21).

**6,46: പ്രാർഥിക്കാൻ മലയിലേക്കു പോയി:** □മർക്കോ 1,35-38. ജനക്കൂട്ടം യേശുവിനെ രാജാവാക്കാൻ ശ്രമിക്കുമ്പോൾ യേശു മലമുകളിലേക്കു പിൻവാങ്ങുന്നതായി (യോഹ 6,15) നാം വായിക്കുന്നു. ആൾക്കൂട്ടത്തിന്റെ മെസിയാനികസങ്കല്പങ്ങളിൽനിന്ന് യേശു എപ്പോഴും അകലംപാലിച്ചിരുന്നു.

**6,48: കടലിനുമീതേ നടന്ന്:** പഴയനിയമ കാഴ്ചപ്പാടിൽ, ദൈവത്തിനു മാത്രമാണ് വെള്ളത്തിനുമീതേ നടക്കാൻ കഴിയുന്നത് (ജോബ് 9,8; 38,16; സങ്കീ 77,19; ഏശ 43,16). □മത്താ 14,22-33; യോഹ 6,19. **നാലാം യാമം:** പുലർച്ചെ 3.00 മണിക്കും 6.00 മണിക്കും ഇടയിലുള്ള സമയം. നാലു കി.മീ. ദൂരം കടക്കാൻ ഏകദേശം എട്ടു മണിക്കൂർ തുഴഞ്ഞുവെന്നർഥം. **കടന്നുപോകാൻ:** ഗ്രീക്കിലെ 'പാരെൽഥെയ്ൻ' എന്ന പദം ദൈവം പ്രത്യക്ഷപ്പെടുന്ന സന്ദർഭവുമായി ബന്ധപ്പെട്ടാണ് സപ്തതിയിൽ ഉപയോഗിച്ചിരിക്കുന്നത് (ഘതത പുറ 33,22; 34,6).

**6,50: ഞാനാകുന്നു; ഭയപ്പെടേണ്ട:** ദൈവികമായ വെളിപ്പെടുത്തലിന്റെ ഈ മാതൃക പഴയനിയമത്തിൽ കാണാം (പുറ 3,14; ഏശ 41,4.10.14; 43,1-3.10.13). യേശുവിന്റെ ദൈവത്വം സുവിശേഷകൻ പ്രകടമാക്കുകയാണിവിടെ. ദൈവത്തിനുമാത്രം ചെയ്യാൻ കഴിയുന്ന വെള്ളത്തിനുമീതേ നടക്കുകയെന്ന (ജോബ് 9,8) പ്രവൃത്തികൊണ്ട് അവിടന്ന് അതിനെ സ്ഥിരീകരിക്കുകയും ചെയ്യുന്നു. □മത്താ 14,27.

**6,52: അവരുടെ ഹൃദയം കഠിനമാക്കപ്പെട്ടിരുന്നു:** 3,5.6-ൽ യേശുവിനെ അംഗീകരിക്കാതെ അവിടത്തെ വധിക്കാൻവേണ്ടി തന്ത്രങ്ങളൊരുക്കുന്നവരെ ഹൃദയകാഠിന്യമുള്ളവരെന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അടയാളങ്ങളിലൂടെ യേശുവിന്റെ ദൈവത്വം പ്രകടമാക്കിയിട്ടും ശിഷ്യന്മാർക്ക് അത് ഗ്രഹിക്കാൻ കഴിഞ്ഞില്ല.

**6,53: ഗനേസറത്ത്:** ഗലീലിക്കടലിനു പടിഞ്ഞാറുള്ള ഒരു ഗ്രാമം.

**6,56: വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും:** കർത്താവിന്റെ കല്പനകളെ ഓർമിപ്പിക്കുന്ന ദൃശ്യമായ അടയാളങ്ങളായി തങ്ങളുടെ വസ്ത്രത്തിന്റെ വിളുമ്പുകളിൽ തൊങ്ങലുകൾ പിടിപ്പിക്കാൻ മോശ ഇസ്രായേല്ക്കാരോട് കല്പിച്ചിരുന്നു (സംഖ്യ 15,38-40). **സുഖം പ്രാപിച്ചു:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'സോറ്റ്സോ' എന്ന ഗ്രീക്കുപദത്തിന് 'രക്ഷിക്കുക' എന്നർഥമുണ്ട്. യേശുവിന്റെ രോഗശാന്തി രക്ഷയുടെ അടയാളമായിരുന്നു.

**7,1-23:** ബാഹ്യമായ ചിട്ടകളിൽമാത്രം ഒതുങ്ങുന്നതാണ് (2-7) ഫരിസേയരുടെ ആചരണങ്ങളെല്ലാം. ദൈവികനിയമങ്ങളുടെ യഥാർഥ ഉദ്ദേശ്യമെന്തെന്ന് യേശു വ്യക്തമാക്കുന്നു (8-13). ആന്തരികവും ബാഹ്യവുമായ ശുദ്ധിയെക്കുറിച്ചും യേശു വിശദീകരിക്കുന്നു (14-23). ഗലീലിക്കപ്പുറത്ത് വിജാതീയരുടെ ദേശങ്ങളിലേക്കു പോകുന്നതിനുമുമ്പുള്ള യേശുവിന്റെ പ്രബോധനമായി ഇതിനെ കാണാം.

**7,1:** ജറുസലേമിൽനിന്നു വന്ന നിയമജ്ഞർ ഔദ്യോഗിക അന്വേഷണസംഘത്തിന്റെ ഭാഗമാണ്. മുമ്പും അവർ വന്നിരുന്നു (3,6.22).

**7,3: ശ്രേഷ്ഠന്മാരുടെ പാരമ്പര്യമനുസരിച്ച്:** ഫരിസേയർ മോശയുടെ നിയമത്തോടു കൂട്ടിച്ചേർത്ത മതപരമായ ആചാരങ്ങൾ. വാചിക നിയമങ്ങൾ എന്നുകൂടി വിളിക്കപ്പെട്ടിരുന്ന ഇവ എഴുതപ്പെട്ട ദൈവകല്പനകൾ കൃത്യമായി അനുഷ്ഠിക്കുന്നതിനു സഹായകമായി രൂപപ്പെട്ടവയാണ്. എ.ഡി. 200-ഓടു കൂടി 'മിഷ്നാ' എന്ന പേരിൽ എഴുതപ്പെടുന്നതുവരെ ഈ പാരമ്പര്യങ്ങൾ വാചികമായാണ് കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്.

**7,4:** ''ഓട്ടുപാത്രങ്ങളുടെയും കിടക്കകളുടെയും'' എന്നുകൂടി ചില കൈയെഴുത്തുപ്രതികളിൽ കാണുന്നു.

**7,6.7:** ഏശ 29,13-ന്റെ പുനഃപ്രസ്താവന. ഹൃദയങ്ങൾ ദൈവത്തിൽനിന്ന് അകന്നിരിക്കുന്നിടത്തോളംകാലം ഇസ്രായേലിന്റെ അധരസേവയോട് ദൈവം സഹിഷ്ണുത കാണിക്കുകയില്ലെന്ന് ഏശയ്യ അവർക്കു മുന്നറിയിപ്പു നല്കുന്നു. തങ്ങളുടെ അറിവിനെ

ഉയർത്തിപ്പിടിക്കാൻ ദൈവത്തിന്റെ ജ്ഞാനം തള്ളിക്കളയുന്ന ഫരിസേയരും അതേ കെണിയിലേക്കുതന്നെയാണു വീഴുന്നത് (മത്താ 23,23; കൊളോ 2,20-23).

**7,11: കൊർബാൻ:** 'കാഴ്ചവയ്പ്' എന്നർഥമുള്ള അരമായ പദം. മതപരമായ ആവശ്യത്തിനായി ദേവാലയത്തിൽ സമർപ്പിക്കപ്പെട്ട സംഭാവനയോ സ്ഥാവരജംഗമവസ്തുക്കളോ ഈ വാക്കുകൊണ്ട് അർഥമാക്കുന്നു. ദൈവത്തിനു നേർച്ചയോ വഴിപാടോ നല്കിയാൽ പിന്നെ മാതാപിതാക്കൾക്ക് നല്കേണ്ടതുപോലും നല്കേണ്ടതില്ലെന്നും അവരെ സംരക്ഷിക്കേണ്ടതില്ലെന്നും അവർ പറയുന്നതിനെയാണ് യേശു വിമർശിക്കുന്നത് (പുറ 20,12; നിയ 5,16).

**7,14.15:** ഭക്ഷണപദാർഥങ്ങളെക്കുറിച്ചും ബാഹ്യമായ ശുദ്ധീകരണകർമങ്ങളെക്കുറിച്ചും പഴയനിയമത്തിൽ വ്യാപകമായി പ്രതിപാദിച്ചിരിക്കുന്ന അനുഷ്ഠാനനിയമങ്ങൾ യേശു ഇവിടെ മറികടക്കുന്നത് വിപ്ലവാത്മകമായ മാറ്റമാണ്. കുഷ്ഠരോഗിയെ സ്പർശിക്കുന്നതും (1,41) രക്തസ്രാവക്കാരിയുടെ സ്പർശനത്തെ കുറ്റപ്പെടുത്താത്തതും (5,27-30) മൃതശരീരം സ്പർശിക്കുന്നതും (5,41) പാപികളോടൊത്ത് ഭക്ഷണം കഴിക്കുന്നതും (2,15) പുതിയ സമീപനത്തിന്റെ തെളിവുകളാണ്.

**7,19: എല്ലാ ഭക്ഷണപദാർഥങ്ങളും ശുദ്ധമാണെന്ന് ...:** പഴയ ഉടമ്പടി ബാഹ്യമായ അനുഷ്ഠാനശുദ്ധിക്കു പ്രാധാന്യം കൊടുക്കുന്നെങ്കിൽ, പുതിയ ഉടമ്പടി വിശ്വാസികളുടെ ആന്തരികജീവിതത്തിലെ വിശുദ്ധിയിൽ ശ്രദ്ധിക്കുന്നു (മത്താ 5,8; അപ്പ 15,9). കൂടാതെ, ആഹാരത്തെ സംബന്ധിച്ചുള്ള മോശയുടെ നിയമങ്ങൾ ഇസ്രായേലിനെ വിജാതീയരിൽനിന്നും വേർതിരിച്ചിരുന്നെങ്കിൽ, യഹൂദരെയും വിജാതീയരെയും ഒരേ കുടുംബത്തിൽ ഒരുമിച്ചുകൂട്ടുന്ന പുതിയ ഉടമ്പടിയിൽ ഭക്ഷണമേശയിലെ നിയന്ത്രണങ്ങൾക്ക് സാധുതയില്ലാതാകുന്നു. പഴയ ഉടമ്പടിയിലെ പഥ്യങ്ങളെയും ഭക്ഷണമേശയിലെ കൂട്ടായ്മയെയും സംബന്ധിച്ച് ആദിമസഭയിൽ ധാരാളം തർക്കങ്ങളുണ്ടായിട്ടുണ്ട് (അപ്പ 10,9-16; റോമാ 14,13-23; ഗലാ 2,11-16).

**7,21: മനുഷ്യരുടെ ഹൃദയം:** ബൈബിളിന്റെ ഭാഷയിൽ ഹൃദയമാണ് ഒരാളുടെ വ്യക്തിത്വത്തിന്റെ കേന്ദ്രവും പ്രവൃത്തികളായി രൂപപ്പെടുന്ന അയാളുടെ തീരുമാനങ്ങളുടെ ഉറവിടവും. അങ്ങനെ യേശു യഥാർഥ അശുദ്ധിയെ ദുഷ്പ്രവൃത്തികളുടെയും ദുഷ്ചിന്തകളുടെയും പ്രഭവകേന്ദ്രമായ ഹൃദയവുമായി ബന്ധിപ്പിക്കുന്നു (മത്താ 5,28). അവിടന്ന് നിരത്തുന്ന തിന്മപ്രവൃത്തികളുടെ പട്ടിക പുതിയനിയമത്തിൽ മറ്റിടങ്ങളിൽ നല്കപ്പെട്ടിരിക്കുന്ന പട്ടികകളോട് സദൃശമാണ് (റോമാ 1,29-31; ഗലാ 5,19-21; 1 പത്രോ 4,3).

**7,24:** ടയിറും സിദോനും മെഡിറ്ററേനിയൻ തീരത്ത് പലസ്തീനായുടെ വടക്കു പ്രദേശത്തുള്ള രണ്ട് ഫിനീഷ്യൻ പട്ടണങ്ങളാണ്. ഇവിടങ്ങളിലെ ജനങ്ങളിൽ ഭൂരിഭാഗവും വിജാതീയരായിരുന്നതിനാൽ യഹൂദർ അവജ്ഞയോടെയാണ് ആ പട്ടണങ്ങളെ കണ്ടിരുന്നത് (എസെ 26,1-28,26; ജോയേ 3,4-8). യേശു ബോധപൂർവം വിജാതീയദേശത്തു പ്രവേശിച്ച് വിശുദ്ധവും അശുദ്ധവുമായ പ്രദേശങ്ങളെന്ന വേർതിരിവ് ഇല്ലാതാക്കുന്നു.

**7,26:** റോമൻ പ്രവിശ്യയായ സിറിയായുടെ ഭാഗമായിരുന്നു ഫിനീഷ്യ. ഫിനീഷ്യക്കാർ പേരുകേട്ട വ്യാപാരികളും സമുദ്രയാത്രക്കാരും ആയിരുന്നതിനാൽ എല്ലാ ഫിനീഷ്യരും സിറിയായിൽത്തന്നെയായിരുന്നില്ല ജീവിച്ചിരുന്നത്. സീറോ-ഫിനീഷ്യക്കാരി ഇവിടെ പ്രത്യക്ഷപ്പെടുന്നതിന്റെ കാരണമതാണ്.

**7,27: ആദ്യം മക്കൾ:** പുതിയ ഉടമ്പടിയിലെ അനുഗ്രഹങ്ങൾ ഇസ്രായേലിന്റെ മക്കൾക്കാണ് ആദ്യം നല്കപ്പെട്ടത് (മത്താ 15,24; റോമാ 1,16; 9,4.5). യേശുവിന്റെ ഉത്ഥാനത്തിനുശേഷമാണ് സുവിശേഷം എല്ലാ രാജ്യങ്ങളോടും പ്രഘോഷിക്കപ്പെട്ടത് (മത്താ 28,18-20; അപ്പ 1,8). **നായ്ക്കൾ:** ബൈബിളിൽ പൊതുവേ അപമാനിക്കുന്നതിന് ഉപയോഗിക്കപ്പെട്ടിട്ടുള്ള ഒരു പദമാണിത് (1 സാമു 17,43; ഫിലി 3,2; വെളി 22,15). ഈ വിശേഷണം ആ സ്ത്രീ സ്വീകരിക്കുന്നത് അവളുടെ വിശ്വാസവും എളിമയും വെളിപ്പെടുത്തുന്നു (7,28.29). □മത്താ 15,26.

**7,31: ദെക്കാപ്പോളീസ്:** ഗലീലി പ്രദേശത്തുതന്നെ യേശു തന്റെ യാത്രയും ശുശ്രൂഷയും തുടർന്നുവെന്നതിന്റെ സൂചന. □മത്താ 4,25; മർക്കോ 5,1.

**7,32: മൂകനും:** 'മെഗിലാലോസ്' എന്ന ഗ്രീക്കുപദം പുതിയനിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. വരാനിരിക്കുന്ന മിശിഹാ നാവിന്റെ കെട്ടുകളഴിക്കുമെന്ന ഏശയ്യാ പ്രവചനത്തിന്റെ

സപ്തതി പരിഭാഷയിൽ (ഘതത ഏശ 35,7) മാത്രമേ ഈ പദമുള്ളൂ. ഏശയ്യാപ്രവചനം യേശുവിൽ നിറവേറിയെന്നാണ് മർക്കോസ് ഇവിടെ സൂചിപ്പിക്കുന്നത്.

**7,33:** യേശു ഇവിടെ ചെയ്യുന്ന കാര്യങ്ങൾ ആ വ്യക്തിയിൽ വിശ്വാസം ജനിപ്പിക്കുന്നതിന്റെയും അവന്റെ ജീവിതത്തിലേക്ക് വ്യക്തിപരമായി കടന്നുവന്നു പ്രവർത്തിക്കുന്നതിന്റെയും അടയാളമായിരിക്കാം. **തനിച്ച് മാറ്റി നിറുത്തി:** തന്റെ സ്വത്വം മറച്ചുവയ്ക്കാനുള്ള യേശുവിന്റെ ശ്രമത്തെ ഇതു പ്രതിഫലിപ്പിക്കുന്നു. □മർക്കോ 1,44.

**7,34: എഫ്ഫാത്ത:** മർക്കോസ് വിജാതീയരായ തന്റെ വായനക്കാരെ പരിഭാഷയോടുകൂടി പരിചയപ്പെടുത്തുന്ന ഒരു അരമായപദം.

**7,36: പ്രഘോഷിച്ചു:** മർക്കോസിന്റെ സുവിശേഷത്തിൽ യേശുവും ശിഷ്യന്മാരും നടത്തുന്ന സുവിശേഷപ്രഘോഷണങ്ങൾക്ക് ഇതേ ക്രിയാപദം (ഗ്രീക്കുഭാഷയിൽ 'കെരൂസോ') ആണ് ഉപയോഗിച്ചിരിക്കുന്നത് (1,14; 13,10; 14,9). ജനക്കൂട്ടത്തിന്റെ പ്രതികരണമാകട്ടെ, യേശുവിന്റെ രക്ഷാകരദൗത്യത്തിനുള്ള അംഗീകാരമാണ്. □മത്താ 11,5-6.

**7,37: ബധിരർ ... ഊമകൾ:** ഏശ 35,4-6-ൽ പ്രവചിക്കപ്പെട്ടിട്ടുള്ള മെസിയാനിക അനുഗ്രഹങ്ങളെ ഓർമിപ്പിക്കുന്നു (ജ്ഞാനം 10,21). □മത്താ 11,5.6.

**8,1-10:** അപ്പം വർധിപ്പിക്കുന്ന ഈ അദ്ഭുതം 6,35-44 ലെ വിവരണത്തോടു സാമ്യമുള്ളതും എന്നാൽ വിശദാംശങ്ങളിൽ വ്യത്യസ്തവുമാണ്. ഒരേ സംഭവം യഹൂദക്രൈസ്തവരുടെയും വിജാതീയക്രൈസ്തവരുടെയും രണ്ടു വ്യത്യസ്ത പാരമ്പര്യങ്ങളിൽനിന്നു വിവരിക്കുന്നതാണെന്ന് പലരും കരുതുന്നു. ഈ വിവരണത്തിലെ സംഖ്യകളുടെ പ്രതീകാത്മകത 8,18-21-ൽ വ്യക്തമാകുന്നുണ്ട്.

**8,2-4: അനുകമ്പ തോന്നുന്നു:** യേശുവിന്റെ അനുകമ്പയുടെ തീവ്രത കാണിക്കാൻ ജനത്തിന്റെ ദയനീയാവസ്ഥ മർക്കോസ് വരച്ചുകാട്ടുന്നു: അവർ ദൂരെനിന്നു വന്നവരാണ്; യേശുവിനെ വിട്ടുപോകാതെ മൂന്നു ദിവസമായി അവിടത്തോടുകൂടെത്തന്നെ ആയിരുന്നവരും ഭക്ഷിക്കാൻ ഒന്നുമില്ലാതിരുന്നവരും തളർന്നവരുമാണ്. □ലൂക്കാ 6,36.

**8,6: കൃതജ്ഞതാസ്തോത്രം ചെയ്ത്:** കൃതജ്ഞതാസ്തോത്രം ചെയ്തശേഷം അപ്പം വർധിപ്പിക്കുന്ന സംഭവം അന്ത്യത്താഴത്തിന്റെയും വിശുദ്ധ കുർബാനസ്ഥാപനത്തിന്റെയും മുന്നോടിയാണ് (1 കോറി 11,24). □മർക്കോ 6,35-44.

**8,10: ദൽമാനൂത്ത:** മഗദാൻ എന്നും വിളിക്കപ്പെടുന്ന ഈ ഗ്രാമം ഗലീലിയയിൽ കൃത്യമായി എവിടെയാണ് എന്നതിനെക്കുറിച്ച് വ്യക്തതയില്ല. ദൽമാനൂത്താ എന്നതിനു പകരം ചില കൈയെഴുത്തുപ്രതികളിൽ മഗദാൻ എന്നും മറ്റു ചിലതിൽ മഗ്ദലാ എന്നും കാണുന്നു.

**8,11: പരീക്ഷിച്ചുകൊണ്ട്:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'പെയ്രാറ്റ്സോ' എന്ന ഗ്രീക്കുപദമാണ് മരുഭൂമിയിൽ സാത്താൻ യേശുവിനെ 'പരീക്ഷിച്ചു' (1,13) എന്നു പറയുന്നിടത്തുമുള്ളത്. ഫരിസേയരിലൂടെ പുറത്തുവന്നത് സാത്താന്റെ പരീക്ഷണമാണെന്നു വ്യക്തം. **സ്വർഗത്തിൽനിന്ന് ഒരടയാളം:** ജനങ്ങൾ, പ്രത്യേകിച്ച് തന്നെ ഇല്ലായ്മചെയ്യാൻ ഗൂഢാലോചന നടത്തുന്ന (3,6) ഫരിസേയർ, ആവശ്യപ്പെടുന്നതനുസരിച്ച് അദ്ഭുതം പ്രവർത്തിക്കാൻ യേശു വിസമ്മതിക്കുന്നു. ഈജിപ്തിൽവച്ച് അസംഖ്യം അദ്ഭുതങ്ങൾ കണ്ടിട്ടും മരുഭൂമിയിൽ ദൈവത്തിൽ വിശ്വസിക്കാൻ മടികാണിച്ച ഇസ്രായേല്ക്കാരെപ്പോലെയാണ് അവർ (സംഖ്യ 14,11).

**8,15: പുളിമാവ്:** യേശുവിനെക്കുറിച്ചുള്ള ഫരിസേയരുടെയും ഹേറോദേസിന്റെയും തെറ്റായ പ്രബോധനമാണ് 'പുളിമാവ്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. യേശുവിന്റെ ശക്തി സാത്താനിൽ നിന്നുവരുന്നുവെന്ന് (3,22) ഫരിസേയരും യേശു ഉയിർപ്പിക്കപ്പെട്ട സ്നാപകയോഹന്നാനാണെന്ന് (6,14) ഹേറോദേസും തെറ്റായി പ്രചരിപ്പിച്ചു. പുളിമാവ് മാവിനെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ അവരുടെ പ്രബോധനങ്ങളും ജനങ്ങളിൽ തെറ്റായ സ്വാധീനം ചെലുത്തുന്നു (മത്താ 6,11.12). സമാനമായ പ്രതീകം പുതിയ നിയമത്തിൽ മറ്റിടങ്ങളിലും ഉപയോഗിക്കപ്പെടുന്നുണ്ട് (ലൂക്കാ 12,1; 1 കോറി 5,6-8; ഗലാ 5,9). **ഹേറോദേസ്:** ഗലീലിയുടെ സാമന്തരാജാവായ ഹേറോദേസ് അന്തിപ്പാസ്. യേശു അദ്ഭുതപ്രവർത്തകനെന്നനിലയിൽ പ്രശസ്തിയാർജിച്ചിരുന്നതിനാലാണ് ഹേറോദേസിന് യേശുവിൽ താത്പര്യം തോന്നിയത് (ലൂക്കാ 23,8).

**8,19–21:** അപ്പം വർധിപ്പിക്കുന്ന രണ്ട് അദ്ഭുതങ്ങളിലെയും കണക്കുകൾ യേശു ആവർത്തിക്കുന്നു. ഈ സംഖ്യകളുടെ പ്രതീകാത്മക അർഥം വ്യക്തമല്ലെങ്കിലും അവ സുവിശേഷം ശ്രവിക്കുന്ന രാജ്യങ്ങളെ പ്രതിനിധീകരിക്കാൻ സാധ്യതയുണ്ട്. ആദ്യത്തെ അദ്ഭുതത്തിലെ പന്ത്രണ്ടു കുട്ട (18.19) ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ പ്രതിനിധീകരിക്കുന്നുവെങ്കിൽ (മത്താ 15,24; 19,28), രണ്ടാമത്തെ അദ്ഭുതത്തിലെ ഏഴുകുട്ട (18.20) ഇസ്രായേല്ക്കാരോടൊപ്പം കാനാൻദേശത്ത് വസിച്ചിരുന്നവരും കർത്താവ് രക്ഷ വാഗ്ദാനം ചെയ്തിരുന്നവരുമായ ഏഴ് വിജാതീയ രാജ്യങ്ങളെ പ്രതിനിധാനം ചെയ്യുന്നതാകാം (നിയ 7,9).

**8,22–26:** ബധിരന് കേൾവി നല്കിയതിനു (7,31-37) സദൃശമാണ് അന്ധന് കാഴ്ച നല്കിയ സംഭവം. ഘട്ടംഘട്ടമായി യേശുവിനെ രക്ഷകനായി ശിഷ്യന്മാർ അംഗീകരിക്കുന്നതിന്റെ സൂചനയാണ് ഈ രണ്ടു സംഭവങ്ങളും. യേശു ആ മനുഷ്യനെ സുഖപ്പെടുത്തുന്നതോടൊപ്പം തന്റെ ശിഷ്യരുടെ ആത്മീയ ബധിരതയും അന്ധതയും സുഖപ്പെടുത്തുന്നു (8,18-21).

**8,22: ബേത്സയ്ദ:** 'മുക്കുവരുടെ ഭവനം' എന്നാണ് ഇതിനർഥം.

**8,24:** മരങ്ങളെയും മനുഷ്യരെയും അറിയാമെന്നതിനാൽ ഈ വ്യക്തി ജന്മനാ അന്ധനായിരുന്നില്ല എന്നു കരുതാം.

**8,27–30:** യേശു ആരാണ് എന്നത് മർക്കോസിന്റെ സുവിശേഷത്തിലെ കേന്ദ്രപ്രമേയമാണ്. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തോടെ മർക്കോസ് തന്റെ വിവരണത്തിൽ പുതിയ ഘട്ടം ആരംഭിക്കുന്നു. അന്ധനെ സുഖപ്പെടുത്തുന്ന സംഭവത്തിനുശേഷമുള്ള പത്രോസിന്റെ വിശ്വാസപ്രഖ്യാപനം ശിഷ്യർക്ക് കാഴ്ച ലഭിക്കാൻ തുടങ്ങി എന്നതിന്റെ തെളിവാണ്. ഈ രണ്ടു സംഭവങ്ങൾ തമ്മിൽ ഘടനാപരമായ സമാനതകളുണ്ട്: സ്ഥലപരാമർശം (22.27), വികലമായ കാഴ്ച/ധാരണ (24.28), ശരിയായ കാഴ്ച (25.29), പരസ്യപ്പെടുത്തരുതെന്ന നിർദേശം (26.30). ഈ ഭാഗത്ത് ഏഴുതവണ 'വഴി' എന്ന പ്രമേയം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു (8,27; 9,33.34; 10,17.32.46.52). ഇത് യേശുവിന്റെ ജറുസലേമിലേക്കുള്ള 'വഴി' ചിത്രീകരിക്കുന്നു. ദൈവശാസ്ത്രതലത്തിൽ സ്വർഗീയ മഹത്ത്വത്തിലേക്കുള്ള 'വഴി' സഹനത്തിന്റെ 'വഴി'യാണെന്ന് യേശു പഠിപ്പിക്കുന്നുണ്ട്. □മത്താ 16,13-20.

**8,27: കേസറിയാ ഫിലിപ്പി:** പലസ്തീനായുടെ വടക്കേ അതിർത്തിക്കപ്പുറമുള്ള ഒരു വിജാതീയ പട്ടണം. 'പാനിയും' എന്നായിരുന്നു ആദ്യത്തെ പേര്. ഹേറോദേസ് ഫിലിപ്പ് സീസറിന്റെയും തന്റെയും പേരു ചേർത്ത് 'കേസറിയ ഫിലിപ്പി' എന്ന് ഇതിനെ പുനർനാമകരണം ചെയ്തു. □മത്താ 16,13.

**8,29: നീ ക്രിസ്തുവാണ്:** ഇസ്രായേലിന്റെ മിശിഹായും രാജാവും എന്നാണ് അർഥമാക്കുന്നത്. ആളുകൾ പ്രതീക്ഷിച്ചിരുന്ന തരത്തിലുള്ള രാഷ്ട്രീയ മിശിഹായല്ല താനെന്ന് വ്യക്തമാക്കാൻ, യേശു ഉടൻതന്നെ ദൗത്യം പൂർത്തീകരിക്കുന്നതിനായി താനഭിമുഖീകരിക്കേണ്ടിയിരിക്കുന്ന സഹനങ്ങളെക്കുറിച്ച് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നു (8,31-33). **ക്രിസ്തു (മർക്കോ 14).**

**8,30:** മത്തായിയുടെ സുവിശേഷത്തിൽ കാണുന്നതുപോലെ (16,17-19), ശിമയോനെ 'അനുഗൃഹീതൻ' എന്നു വിശേഷിപ്പിച്ചുകൊണ്ട് 'പത്രോസാ'യി പേരുമാറ്റം ചെയ്യുന്നത് മർക്കോസിന്റെ സുവിശേഷത്തിൽ (3,16) കാണുന്നില്ല. **ആരോടും പറയരുത്:** പിശാചുക്കളെ ശാസിക്കുന്ന 'എപ്പിതിമാവോ' എന്ന പദമുപയോഗിച്ച് യേശു ഇവിടെ ശിഷ്യരെ നിശ്ശബ്ദരാക്കുന്നു. യേശുവിന്റെ മിശിഹാത്വത്തിന്റെ യഥാർഥസ്വഭാവം ഇനിയും അവർ മനിലാക്കിയിട്ടില്ലാത്തതാകണം ഇതിനു കാരണം.

**8,31–9,29:** തന്റെ മിശിഹാത്വത്തിന്റെ സ്വഭാവവും തന്നെ അനുഗമിക്കുക എന്നതിന്റെ അർഥവും യേശു വെളിപ്പെടുത്തിക്കൊടുക്കുന്ന ഭാഗമാണിത്. പീഡാനുഭവപ്രവചനവും (8,31) ശിഷ്യരുടെ പ്രതികരണവും (8,32.33) ശിഷ്യത്വത്തെക്കുറിച്ചുള്ള പ്രബോധനവും (8,34-9,29) ഈ ഭാഗത്തു കാണാം.

**8,31–33:** യേശുവിന്റെ പീഡാനുഭവ-ഉത്ഥാനത്തെക്കുറിച്ചുള്ള മൂന്നു പ്രവചനങ്ങളിൽ (8,31-33; 9,30-32; 10,32-34) ആദ്യത്തേതായ ഇതിലൂടെ, തന്നെയും തന്റെ വിശ്വസ്തരായ അനുയായികളെയും കാത്തിരിക്കുന്ന സഹനത്തെക്കുറിച്ച് യേശു അപ്പസ്തോലന്മാരെ പഠിപ്പിക്കുന്നു (8,34 -37; 13,9).

**8,31: മനുഷ്യപുത്രൻ:** ദാനി 7,13.14-ൽ വിവരിച്ചിട്ടുള്ള രാജകീയ പ്രതിരൂപത്തെക്കുറിച്ചുള്ള പരാമർശം. ഈ സംജ്ഞ യേശു പലപ്പോഴും തന്റെ പീഡാനുഭവത്തോടു ബന്ധപ്പെടുത്തി ഉപയോഗിക്കുന്നുണ്ട് (9,12.31; 10,33.45; 14,21.41). **ശ്രേഷ്ഠൻമാർ ...:** ശ്രേഷ്ഠന്മാർ, പ്രധാനപുരോഹിതന്മാർ, നിയമജ്ഞർ എന്നീ വിഭാഗങ്ങളിൽനിന്നുള്ള 71 പേരുടെ അധികാരസമിതിയാണ് സാൻഹെദ്രിൻ. പ്രധാന പുരോഹിതനാണ് ഈ സംഘത്തിന്റെ യോഗത്തിൽ അധ്യക്ഷത വഹിക്കുന്നത്. യഹൂദരുടെ മതപരമായ കാര്യങ്ങളിൽ തീരുമാനമെടുത്തിരുന്നത് ഇവരായിരുന്നു. ***ന്യായാധിപസംഘം (ലൂക്കാ 22,66)*** **ചെയ്യേണ്ടിയിരിക്കുന്നു:** ഗ്രീക്കിൽ 'ദെയി' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് ദൈവികപദ്ധതിയിലെ അനിവാര്യത സൂചിപ്പിക്കുന്നു. യേശുവിന്റെ സഹനവും മരണവും ദൈവപദ്ധതിപ്രകാരമാണ് എന്നാണ് ഇവിടെ അർഥമാക്കുന്നത്.

**8,32: പത്രോസ് ... ശാസിക്കാൻ തുടങ്ങി:** യേശു പിശാചിനെ ശാസിച്ചു എന്നു പറയാൻ സുവിശേഷകൻ ഉപയോഗിക്കുന്ന പദവും ഇതു തന്നെയാണ്. യേശു സ്വീകരിക്കുന്ന മാർഗത്തോട് പത്രോസിനുള്ള ശക്തമായ വിയോജിപ്പാണ് ഇവിടെ പ്രകടമാകുന്നത്.

**8,33: സാത്താനേ:** സഹനത്തോടുള്ള പത്രോസിന്റെ വിപ്രതിപത്തിയെ യേശു ശകാരിക്കുന്നു. യേശുവിന്റെ പീഡാനുഭവപ്രവചനത്തിൽ ഇടർച്ച തോന്നിയ പത്രോസ്, സഹനദൗത്യത്തിൽനിന്നും യേശുവിനെ വ്യതിചലിപ്പിക്കാൻ ശ്രമിച്ച സാത്താന് സമാനനാണ് (മത്താ 4,1-11; ലൂക്കാ 4,1-13). കുരിശുമരണം അന്നും ഇന്നും പലർക്കും ഇടർച്ചയ്ക്കു കാരണമായിത്തീരുന്നുണ്ട് (1 കോറി 1,23).

**8,34: തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ:** സഹനത്തിന്റെ ഒരു പ്രതീകം. ക്രൂശിക്കപ്പെടുന്നിടത്തേക്ക് നയിക്കപ്പെടുന്ന കുറ്റവാളികളുടെ ചുമലിൽ തടി കെട്ടിവയ്ക്കുന്ന റോമൻ സമ്പ്രദായത്തെയാണ് ഇത് സൂചിപ്പിക്കുന്നത് (15,21; യോഹ 19,17). ക്ലേശങ്ങളും സഹനങ്ങളും സ്വീകരിക്കാനും മരണംവരിക്കാനും തന്റെ ശിഷ്യന്മാർ തയ്യാറാകണമെന്ന് യേശു ഓർമിപ്പിക്കുന്നു. ശിഷ്യത്വത്തിന്റെ നിബന്ധന ആത്മപരിത്യാഗവും യേശുവിനെ അനുഗമിക്കലുമാണ്. സഹനവും മരണംതന്നെയും ആവശ്യപ്പെടുന്ന ശിഷ്യത്വം ചലനാത്മകവും കുരിശുവരെ തുടരുന്ന യാത്രയുമാണ്. ഈ കുരിശിനപ്പുറത്ത് വിശ്വാസികൾ ഉത്ഥാനവും മഹത്ത്വവും കണ്ടെത്തുമെന്ന് അവിടന്ന് ഉറപ്പുനല്കുന്നു (യോഹ 12,24-26; 2 തിമോ 2,11). □മത്താ 10,38.

**8,35: എനിക്കോ സുവിശേഷത്തിനോവേണ്ടി:** സുവിശേഷത്തിന് സമാനമാണ് യേശു (രള. 10,29). **സുവിശേഷം (മർക്കോ 1,1)** യേശുവിനെ സുവിശേഷത്തിലൂടെയാണ് നാമറിയുന്നത്. അവിടത്തോടുള്ള വിശ്വസ്തതയുടെ അളവുകോൽ സുവിശേഷത്തോടുള്ള വിശ്വസ്തതയാണ്. **ജീവൻ:** ശാരീരികജീവൻ, ആത്മീയജീവൻ എന്നീ അർഥങ്ങളിലാണ് ഇതുപയോഗിച്ചിരിക്കുന്നത്.

**8,38:** യേശു മഹത്ത്വത്തോടെ തിരികെ വരുന്നതിനെക്കുറിച്ച് മർക്കോസ് നടത്തുന്ന ആദ്യ പരാമർശമാണിത്. **വിശുദ്ധ ദൂതന്മാരോടുകൂടെ:** സഖ 14,5-ലെ പ്രവചനം യേശു ചൂണ്ടിക്കാണിക്കുന്നു. ജറുസലേമിനെ കവർച്ച ചെയ്യാൻ സൈന്യവ്യൂഹങ്ങളെ അണിനിരത്തി, അവിശ്വസ്തയായ ഇസ്രായേലിനുമേൽ ദൈവം ന്യായവിധി നടത്താൻ പോകുന്ന 'കർത്താവിന്റെ ദിവസ'ത്തെക്കുറിച്ച് സഖറിയാ പ്രവചിക്കുന്നു (സഖ 14,1-2). ദൈവം വിശുദ്ധ ദൂതന്മാരോടുകൂടെ വരുമെന്നും ഭൂമിമുഴുവന്റെയും രാജാവായി സ്വയം പ്രതിഷ്ഠിക്കുമെന്നുമുള്ള (സഖ 14,19) പ്രത്യാശ അവിടെയുണ്ട്. **മനുഷ്യപുത്രനും ... വരുമ്പോൾ:** ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനുള്ള അധികാരം പിതാവ് ക്രിസ്തുവിന് നല്കിയിരിക്കുന്നു (യോഹ 5,22-29; അപ്പ 10,42). നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്ത് അവിടന്ന് നീതിമാന്മാർക്കു നിത്യജീവൻ പ്രതിഫലമായി നല്കുകയും തന്നെക്കുറിച്ചു ലജ്ജിക്കുന്നവർക്ക് നിത്യശിക്ഷ നല്കുകയും ചെയ്യും (മത്താ 25,31,41-46; 2 തിമോ 2,11-13).

Study Guide for Mark 1-8
KCBC Bible Commission
POC, Kochi – 682 025
March 2020